27
2025
മേയ്
ചൊവ്വ
ഇടവം 13

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.148 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-148 പേജ് 4. വില 2.00 രൂപ




02 കാലവർഷം ശക്തമാകുന്നു: കർഷകർക്ക് ജാഗ്രതാ നിർദേശം

03 തീരപ്രദേശത്തെ കണ്ടൈനറുകൾ, മാർഗനിർദേശം നൽകി

04 നിലമ്പൂർ ഉപതെരഞ്ഞെടുപ്പ്; ആര്യാടൻ ഷൗക്കത്തിന് നറുക്ക്




പൂന്തുറ ചേരിയാമുട്ടം ഭാ?ഗത്തെ തീരത്തേക്ക് അടിച്ചുകയറുന്ന തിരമാലകൾ

# തീരദേശത്ത് കടലാക്രമണം രൂക്ഷം

## നിരവധി വീടുകൾ കടലെടുത്തു, വെള്ളംകയറി കനത്ത നാശനഷ്ടങ്ങൾ

വിഴിഞ്ഞം: അപ്രതീക്ഷിതമായുണ്ടായ കടലേറ്റത്തിൽ വൻനാശം. പൂവാർ ഇ. എം. എസ്. കോളനി, കരുംകുളം കല്ലുമുക്ക്, കൊച്ചുതുറ, പള്ളം, അടിമലത്തുറ പ്രദേശങ്ങളിലെ ഇരുന്നൂറ് വീടുകളിൽ വെള്ളം കയറി. തീരത്തുണ്ടായിരുന്ന 500വള്ളങ്ങൾക്ക് കേടുപാടുണ്ടായി. വള്ളങ്ങൾക്കിടയിൽപ്പെട്ട് മത്സ്യത്തൊഴിലാളികൾക്ക് പരിക്കുപറ്റി. വെള്ളംകയറിയ വീടുകളിലുള്ളവരെ സമീപത്തെ സ്കൂളുകളിലേക്കും കല്യാണ മണ്ഡപങ്ങളിലേക്കും മാറ്റി.

തീരത്തുണ്ടായിരുന്ന വള്ളങ്ങൾക്കിടയിൽപ്പെട്ടാണ് മത്സ്യത്തൊഴിലാളികൾക്ക് പരിക്കേറ്റത്. പൊഴിയൂർ, കൊല്ലങ്കോട്, പൂവാർ, കരിങ്കുളം, പുതിയതുറ, അടിമലത്തുറ, പൂന്തുറ, വലിയതുറ, ശംഖുംമുഖം. കഠിനകുളം, അഞ്ചുതെങ്ങ്, പൂത്തുറ, തുമ്പ, പെരുമാതുറ, വർക്കല എന്നിവിടങ്ങളിൽ തീരത്തുണ്ടായിരുന്ന വള്ളങ്ങൾക്കാണ് കേടുപാടുകളുണ്ടായത്. എൻജിനുകൾ, വലകൾ, മറ്റുപകരണങ്ങളും ഒഴുകിപ്പോയി. കൂട്ടിയിടിച്ച വള്ളങ്ങളെ കരയിലേക്ക് അടുപ്പിക്കുന്നതിനിടയിൽ മത്സ്യത്തൊഴിലാളികളിൽ രണ്ടുപേർക്ക് ഗുരുതര പരിക്കേറ്റു. തുമ്പയിൽ 100 മീറ്റർ വരെ തിരമാല അടിച്ചുകയറി.

പൂന്തുറ മടുവം സ്വദേശി കൽസൺ പീറ്റർ(46), നടുത്തുറ സ്വദേശിയായ അലക്സാണ്ടർ എന്നിവർക്കാണ് പരിക്കേറ്റത്. മിക്ക വള്ളങ്ങളിലെയും എൻജിനുകൾക്ക് കേടുപാടുകളുണ്ടായെന്നു മത്സ്യത്തൊഴിലാളിയായ ബെഞ്ചമിൻ പറഞ്ഞു. സാധാരണ ഉഷ്ണകാലത്തും കാലവർഷത്തിനു തൊട്ടുമുമ്പും കടലേറ്റമുണ്ടാകാറുണ്ട്. ഞായറാഴ്ചയുണ്ടായ കടലേറ്റം അതിശക്തമായിരുന്നുവെന്ന് തൊഴിലാളികൾ പറഞ്ഞു.

### കൊല്ലത്ത നിരവധി വീടുകൾ തകർന്നു

ഞായറാഴ്ച ഉച്ചയോടെ അനുഭവപ്പെട്ട രൂക്ഷമായ കടലേറ്റത്തിൽ മുണ്ടയ്ക്കൽ വെടിക്കുന്ന് ഭാഗത്തെ അഞ്ച് വീടുകൾ തകർന്നു. ഈ പ്രദേശത്ത് മാത്രം 25 വീടുകളാണ് കടലെടുത്തത്. അത്രയുംതന്നെ വീടുകൾ തകർച്ചാഭീഷണി നേരിടുന്നുണ്ടെന്ന് നാട്ടുകാർ പറയുന്നു. തീരപ്രദേശത്തെ ഒട്ടേറെ കുടുംബങ്ങൾ ബന്ധുവീടുകളിലേക്കും റോഡരികിൽ തീർത്ത താത്കാലിക ടെന്റുകളിലേക്കും മാറി.

കടൽക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ട് അയൽവാസിയുടെ വീട്ടിൽ അഭയം തേടിയ ശോഭയും മക്കളും

സ്കൂളുകളിൽ തിരഞ്ഞെടുപ്പ് ബൂത്ത് ഓഫീസുകൾ പ്രവർത്തിക്കുന്നതിനാൽ ഇരവിപുരത്ത് പുതുതായി പണികഴിപ്പിച്ച കമ്യൂണിറ്റി ഹാളിൽ താത്കാലിക താമസസൗകര്യം ഒരുക്കാമെന്ന് മുണ്ടയ്ക്കൽ സന്ദർശിച്ച മേയർ പ്രസന്ന ഏണസ്റ്റ് പറഞ്ഞു. ഒരുവർഷത്തോളമായി രൂക്ഷമായ കടലേറ്റമാണ് മുണ്ടയ്ക്കൽ വെടിക്കുന്നുമുതൽ പാപനാശംവരെയുള്ള ഭാഗത്ത് അനുഭവപ്പെടുന്നത്. ഞായറാഴ്ച ഉച്ചമുതൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ 'കള്ളക്കടൽ' എന്ന പ്രതിഭാസം അനുഭവപ്പെട്ടിരുന്നു. പതിവിലും വലിയ കടൽക്ഷോഭമാണ് ഇവിടെ അനുഭവപ്പെട്ടത്. ഇതോടെ തീരത്തിനടുത്ത വീടുകളിൽ താമസിച്ചിരുന്നവർ പെട്ടിയും കിടയ്ക്കയും മുതൽ കതകുകൾ വരെ അടർത്തിയെടുത്ത് ബന്ധുവീടുകളിലേക്ക് താമസംമാറി. റോഡരികിൽ താത്കാലിക ടെന്റുകൾ നിർമിച്ച് മാറിയവരുമുണ്ട്.

പെട്ടന്ന് കടൽ വീടുകളിലേക്കു കയറിയതിനാൽ കൈയിൽ കിട്ടിയതുമായി റോഡിലേക്കിറങ്ങേണ്ടിവന്നവരും കൂട്ടത്തിലുണ്ട്. ഞായറാഴ്ച ഉച്ചയോടെയാണ് നേതാജി നഗറിൽ ഉണ്ണിക്കണ്ണൻ വീട്ടിൽനിന്നു സാധനങ്ങൾ മാറ്റിയത്. സന്ധ്യയോടടുത്തപ്പോഴേക്കും വീടുനിന്നിടത്ത് കരപോലും ഇല്ലാതായി. സെയ്ന്റ് ജോർജ് ചാപ്പലിന്റെ ചുറ്റുമതിലും റോഡും തകർന്നു. ഇതോടെ ഇവിടേക്കുള്ള ഗതാഗതവും തടസ്സപ്പെട്ടു.

## മുതലപ്പൊഴിയിൽ വള്ളം മറിഞ്ഞു

ചിറയിൻകീഴ്: മുതലപ്പൊഴി അഴിമുഖത്ത് മീൻപിടിത്ത വള്ളം മറിഞ്ഞു. ഞായറാഴ്ചവൈകിട്ടോടെ അഴിമുഖത്തുണ്ടായ ശക്തമായ തിരയിൽപ്പെട്ടാണ് വള്ളം മറിഞ്ഞത്. വള്ളത്തിലുണ്ടായിരുന്ന രണ്ട് മത്സ്യത്തൊഴിലാളികളെയും രക്ഷപ്പെടുത്തി. ഞായറാഴ്ച വൈകീട്ട് ഏഴരയോടെയാണ് അപകടം. മീൻപിടിത്തം കഴിഞ്ഞ് മടങ്ങിവരുന്നതിനിടെയാണ് വള്ളം മറിഞ്ഞത്. അഞ്ചുതെങ്ങ് സ്വദേശികളായ ജോയൽ(25), വിനു(28) എന്നിവരെ കോസ്റ്റൽ പോലീസെത്തി രക്ഷപ്പെടുത്തി. അഞ്ചുതെങ്ങ് സ്വദേശി ലാലു ജോസഫിന്റെ ഉടമസ്ഥതയിലുള്ള വള്ളമാണ് മറിഞ്ഞത്. വലയും എൻജിനും നഷ്ടപ്പെട്ടു. വള്ളത്തിനു കേടുപാടുകളും സംഭവിച്ചു. കോസ്റ്റൽ പോലീസിന്റെയും മറൈൻ എൻഫോഴ്സ്മെന്റിന്റെയും സഹായത്തോടെ മറിഞ്ഞ വള്ളം കരയ്ക്കെത്തിച്ചു.

കുളച്ചലിൽ 10 ബോട്ടുകൾ കാണാതായി

നാഗർകോവിൽ: കുളച്ചൽ പരിസരപ്രദേശങ്ങളിൽ ഞായറാഴ്ച വൈകീട്ട് കടലിൽ ശക്തമായ തിരമാല ഉയർന്നു. കുളച്ചൽ തീരത്ത് ഒതുക്കിയിട്ടിരുന്ന പത്ത് ഫൈബർ ബോട്ടുകൾ തിരയിൽപ്പെട്ട് കാണാതായതായി മത്സ്യത്തൊഴിലാളികൾ അറിയിച്ചു. അഴീക്കൽ തീരത്ത് കടൽക്ഷോഭം കാരണം കടൽവെള്ളം തീരപ്രദേശങ്ങളിലെ ജനവാസമേഖലയിൽ കയറി.

### തീരദേശവാസികൾ ജാഗ്രത പാലിക്കണം

തിരുവനന്തപുരം: ജില്ലയിൽ ക്യാമ്പുകൾ തുറക്കുന്നതിനാവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയതായി കളക്ടർ അറിയിച്ചു. പൊഴിയൂർ ഗവ. യു. പി. സ്കൂളിൽ ക്യാമ്പ് തുടങ്ങി. കടൽക്ഷോഭം തുടരാൻ സാധ്യതയുള്ളതിനാൽ അപകടമേഖലകളിൽ താമസിക്കുന്നവർ നിർദേശാനുസരണം മാറിത്താമസിക്കണം. അടിയന്തര സഹായങ്ങൾക്കായി കൺട്രോൾ റൂമിലേക്ക് 9447677800 എന്ന നമ്പറിൽ വിളിക്കാം. ആഴക്കടൽ മത്സ്യബന്ധനത്തിനു തടസ്സമില്ലെന്നും മടങ്ങിയെത്തുന്ന യാനങ്ങൾ പ്രത്യേക ജാഗ്രത പുലർത്തണമെന്നും കളക്ടർ അറിയിച്ചു.

കടലേറ്റത്തെ തുടർന്ന് തീരങ്ങളിൽ സഞ്ചാരികൾക്ക് വിലക്കേർപ്പെടുത്തി. കോവളത്തെ ബീച്ചുകളിൽ കുളിക്കാനിറങ്ങിയ വിനോദസഞ്ചാരികളെ കടലിൽനിന്ന് തിരിച്ചുകയറ്റി. കടൽ ശാന്തമായതിനുശേഷമേ തീരങ്ങളിൽ ഇറങ്ങാൻ അനുവദിക്കൂ. തിങ്കളാഴ്ചയും തിരമാലകൾ ശക്തമാകും എന്ന് മുന്നറിയിപ്പുണ്ട്.

## കരുവന്നൂർ ബാങ്ക് തട്ടിപ്പ് കേസിൽ അന്തിമ കുറ്റപത്രം; സിപിഎം നേതാക്കൾ പ്രതികൾ

കൊച്ചി: കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പ് കേസിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി) രണ്ടാംഘട്ട കുറ്റപത്രം സമർപ്പിച്ചു. എറണാകുളം പിഎംഎൽഎ കോടതിയിലാണ് കുറ്റപത്രം സമർപ്പിച്ചത്. സിപിഎം തൃശ്ശൂർ മുൻ ജില്ലാ സെക്രട്ടറി എം. എം. വർഗീസ്, മുൻ മന്ത്രി എ. സി. മൊയ്തീൻ, കെ. രാധാകൃഷ്ണൻ എംപി എന്നിവർക്കുപുറമേ സിപിഎമ്മിനെയും പ്രതിചേർത്താണ് കുറ്റപത്രം സമർപ്പിച്ചിരിക്കുന്നത്. പ്രതികൾ തട്ടിപ്പിലൂടെ 180 കോടി രൂപ സമ്പാദിച്ചെന്നാണ് ഇ. ഡി ആരോപിക്കുന്നത്. 128 കോടി രൂപ പ്രതികളിൽനിന്ന് കണ്ടുകെട്ടിയിരുന്നു.

നിലമ്പൂർ ഉപതിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ, കുറ്റപത്രം സമർപ്പിച്ചിരിക്കുന്നത് സിപിഎമ്മിനെ ആശങ്കയിലാക്കിയിട്ടുണ്ട്. കൂടുതൽ സിപിഎം നേതാക്കൾ പ്രതിപ്പട്ടികയിൽ ഉൾപ്പെട്ടതിന് പുറമേ സിപിഎമ്മും പ്രതിപ്പട്ടികയിലെത്തിയത് തിരഞ്ഞെടുപ്പിലും പ്രതിഫലിക്കാനുള്ള സാധ്യത തള്ളിക്കളയാനാവില്ല.

സിപിഎം തൃശ്ശൂർ മുൻ ജില്ലാ സെക്രട്ടറി എം. എം. വർ?ഗീസ്, മുൻ മന്ത്രി എ. സി. മൊയ്ദീൻ, കെ. രാധാകൃഷ്ണൻ എംപി എന്നിവരെ ചോദ്യംചെയ്തതിന് പിന്നാലെയാണ് കുറ്റപത്രം സമർപ്പിച്ചത്.

## ചരക്ക് കപ്പലിലെ കണ്ടെയ്നർ കൊല്ലം തീരത്തടിഞ്ഞു

കൊല്ലം: കടലിൽ മുങ്ങിയ ചരക്കു കപ്പലിലെ കണ്ടെയ്നർ കൊല്ലം തീരത്തടിഞ്ഞു. കരുനാഗപ്പള്ളി ചെറയഴീക്കൽ തീരത്താണ് കണ്ടെയ്നർ അടിഞ്ഞത്. ഒരു കണ്ടെയ്നർ കടൽഭിത്തിയിൽ ഇടിച്ച നിലയിലാണ്. കൊല്ലം കളക്ടർ ഉൾപ്പടെയുള്ളവർ സ്ഥലത്തെത്തി.

കൊച്ചിയിൽനിന്ന് 38 നോട്ടിക്കൽ മൈൽ ദൂരെയാണ് ചരക്ക് കപ്പൽ അപകടത്തിൽപ്പെട്ടത്. കപ്പൽ അറബിക്കടലിൽ മുങ്ങിത്താഴ്ന്നിരുന്നു. നൂറു കണക്കിന് കണ്ടെയ്നറുകളാണ് കപ്പലിൽ ഉണ്ടായിരുന്നത്.

കപ്പൽ മുങ്ങാൻ തുടങ്ങിയതോടെ കപ്പലിൽ തുടരുകയായിരുന്ന മൂന്ന് ജീവനക്കാരെ നേവിയുടെ ഐഎൻഎസ് സുജാത അപകടകരമായ സാഹചര്യത്തിൽനിന്ന് അടിയന്തരമായി രക്ഷപ്പെടുത്തിയിരുന്നു.

## കോവിഡ് കേസുകൾ ഏറ്റവും കൂടുതൽ കേരളത്തിൽ

ന്യൂഡൽഹി: രാജ്യതലസ്ഥാനത്ത് 100ലധികം പുതിയ കോവിഡ് കേസുകൾ റിപ്പോർട്ട് ചെയ്തു. ഇതോടെ രാജ്യത്തുടനീളമുള്ള ആകെ കേസുകളുടെ എണ്ണം 1,009 ആയി. ഡൽഹിയിൽ കുറഞ്ഞത് 104 സജീവ കേസുകളുണ്ട്. അതിൽ 99 എണ്ണം കഴിഞ്ഞ ആഴ്ച റിപ്പോർട്ട് ചെയ്യപ്പെട്ടതാണ്. സംസ്ഥാന തലത്തിൽ ഏറ്റവും കൂടുതൽ കോവിഡ് കേസുകൾ റിപ്പോർട്ട് ചെയ്തത് കേരളത്തിലാണ്. കേരളത്തിൽ നിന്ന് രണ്ട് മരണങ്ങളും കർണാടകയിൽ നിന്ന് ഒരു മരണവും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.



# നിലയ്ക്കലിൽ അത്യാധുനിക സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ: മന്ത്രി വീണാ ജോർജ്

## ശബരിമല തീർത്ഥാടന കാലത്ത് അധിക സേവനങ്ങൾ

പത്തനംതിട്ട നിലയ്ക്കലിൽ അത്യാധുനിക സംവിധാനങ്ങളുള്ള സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ നിർമ്മിക്കുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. നാട്ടുകാർക്കും ശബരിമല തീർത്ഥാടകർക്കും പ്രയോജനം ഉണ്ടാകുന്ന രീതിയിലാണ് സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ വിഭാവനം ചെയ്തിരിക്കുന്നത്.

നിലയ്ക്കലിൽ ദേവസ്വം ബോർഡ് അനുവദിച്ച ഭൂമിയിലാണ് ആശുപത്രി നിർമ്മിക്കുന്നത്. 9 കോടി രൂപയോളം ചെലവഴിച്ചാണ് സ്പെഷ്യാലിറ്റി ആശുപത്രി സജ്ജമാക്കുന്നത്. അധിക ഫണ്ട് ആവശ്യമെങ്കിൽ അനുവദിക്കാൻ കഴിഞ്ഞ ദിവസം നടന്ന യോഗത്തിൽ മുഖ്യമന്ത്രി നിർദേശം നൽകിയിരുന്നു.

മോഡേൺ മെഡിസിനോടൊപ്പം ആയുഷിനും പ്രാധാന്യം നൽകും. തീർത്ഥാടന കാലത്ത് വിപുലമായ സ്പെഷ്യാലിറ്റി സേവനങ്ങളൊരുക്കും. നടപടിക്രമങ്ങൾ പാലിച്ച് എത്രയും വേഗം നിർമ്മാണം ആരംഭിച്ച് പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നതെന്നും മന്ത്രി വ്യക്തമാക്കി.

3 നിലകളിൽ അത്യാധുനിക സംവിധാനങ്ങളോടെയുള്ള സ്പെഷ്യാലിറ്റി ആശുപത്രിയാണ് സജ്ജമാക്കുക. ഒന്നാം നിലയിൽ 12 കിടക്കകളുള്ള കാഷ്യാലിറ്റി സംവിധാനം, ഒപി വിഭാഗങ്ങൾ, 7 കിടക്കകളുള്ള ഒബ്സർവേഷൻ വാർഡ്, റിസപ്ഷൻ, ലാബ്, സാമ്പിൾ കളക്ഷൻ സെന്റർ, നഴ്സസ് സ്റ്റേഷൻ, ഇൻജക്ഷൻ റൂം, ഇസിജി റൂം, ഡ്രെസിംഗ് റൂം, പ്ലാസ്റ്റർ റൂം, ഫാർമസി, സ്റ്റോർ, പോലീസ് ഹെൽപ് ഡെസ്ക്, ലിഫ്റ്റുകൾ, അറ്റാച്ച്ഡ് ശുചിമുറികൾ എന്നീ സൗകര്യങ്ങളാണ് ഉണ്ടാകുക.

രണ്ടാം നിലയിൽ 8 കിടക്കകളുള്ള ഐസിയു, നഴ്സസ് സ്റ്റേഷൻ, എല്ലാവിധ സൗകര്യങ്ങളുള്ള മൈനർ ഓപ്പറേഷൻ തീയറ്റർ, എക്സ്റേ റൂം, 13 കിടക്കകളുള്ള വാർഡ്, ഡോക്ടർമാരുടേയും നഴ്സുമാരുടേയും മുറികൾ, കോൺഫറൻസ് ഹാൾ, ഓഫീസ്, ശുചിമുറികൾ എന്നിവയാണ് ഒരുക്കുന്നത്. മൂന്നാം നിലയിൽ 50 കിടക്കകളുള്ള ഡോർമിറ്ററി സംവിധാനമാണൊരുക്കുക.

നിലയ്ക്കലിൽ സ്പെഷ്യാലിറ്റി ആശുപത്രി വരുന്നത് നാട്ടുകാർക്കും ശബരിമല തീർത്ഥാടകർക്കും ഒരുപോലെ പ്രയോജനകരമാകും. ശബരിമല തീർത്ഥാടനത്തിലെ പ്രധാന കേന്ദ്രമായ നിലയ്ക്കലിൽ സ്പെഷ്യാലിറ്റി ആശുപത്രിയെന്ന ദീർഘകാല സ്വപ്നമാണ് സാക്ഷാത്ക്കരിക്കുന്നത്.

# കാലവർഷം ശക്തമാകുന്നു: കർഷകർക്ക് ജാഗ്രതാ നിർദേശവുമായി മൃഗസംരക്ഷണ വകുപ്പ്

സംസ്ഥാനത്ത് മഴ കനക്കുന്ന സാഹചര്യത്തിൽ മൃഗസംരക്ഷണ മേഖലയിലെ കെടുതികൾ നേരിടുന്നതിന് മൃഗസംരക്ഷണ വകുപ്പ് സുസജ്ജമെന്നും ആയതിലേക്കായി ജില്ലാ-സംസ്ഥാന തലത്തിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായും മൃഗസംരക്ഷണ ക്ഷീര വികസന വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി അറിയിച്ചു.

ജില്ലാ തലത്തിൽ അടിയന്തിര സാഹചര്യങ്ങൾ നേരിടുന്നതിനായി ചീഫ് വെറ്ററിനറി ഓഫീസർ കോർഡിനേറ്റർ ആയുള്ള ഒരു ദ്രുത കർമ്മ സേന രൂപീകരിക്കുന്നതിനും മുൻ വർഷങ്ങളിൽ പ്രകൃതിക്ഷോഭം ഉണ്ടായ പ്രദേശങ്ങളിൽ മുൻകരുതലായി മൃഗങ്ങളെ മാറ്റി പാർപ്പിക്കുവാൻ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുന്നതിനും നിർദേശം നൽകിയിട്ടുണ്ട്. കാലവർഷത്തെ തുടർന്ന് ഉണ്ടാകുന്ന നാശനഷ്ടങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിലേക്കും അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിനും മറ്റു ക്രമീകരണങ്ങൾക്കുമായി ജില്ലാ കേന്ദ്രങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ ആരംഭിച്ചതായും മന്ത്രി അറിയിച്ചു.

ജില്ലകളിൽ 24 മണിക്കൂറും പ്രവൃത്തിക്കുന്ന കൺട്രോൾ റൂം നമ്പറുകൾ

തിരുവനന്തപുരം :0471 2302643,0471 2330736
കൊല്ലം :0474 2795076
പത്തനംതിട്ട:0468 2270908
ആലപ്പുഴ:0477 2252636,0477 2252431
കോട്ടയം :0481 2564623
ഇടുക്കി: 04862 222 894, 94462 09044
എറണാകുളം:0484 2351264
തൃശൂർ :9249266092
പാലക്കാട് :9746678024
മലപ്പുറം :0483 2736696 ,7907000922
കോഴിക്കോട്:9447517519, 904882361
വയനാട് :04936 202229, 9446640420, 9847469516
കണ്ണൂർ :0497 2700184 ,8075927597
കാസർഗോഡ്:94474 22948

**കർഷകർക്കുള്ള ജാഗ്രതാ നിർദേശങ്ങൾ**

വെള്ളപ്പൊക്കവും ഉരുൾപ്പൊട്ടൽ സാധ്യതയുമുള്ള പ്രദേശങ്ങളിലെ കർഷകർ ജാഗരൂകരായിരിക്കണം.

മുൻ വർഷങ്ങളിൽ പ്രകൃതിക്ഷോഭം ഉണ്ടായ പ്രദേശങ്ങളിൽ മുൻകരുതലായി മൃഗങ്ങളെ മാറ്റി പാർപ്പിക്കുവാൻ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി ജാഗ്രത പാലിയ്ക്കേണ്ടതാണ്.

വെള്ളക്കെട്ടും മലവെള്ള പാച്ചിലും ഉണ്ടാകുന്ന സാഹചര്യത്തിൽ വളർത്തു മൃഗങ്ങളെ സുരക്ഷിതമായി പാർപ്പിക്കുകയോ കെട്ടിയിട്ട മൃഗങ്ങളെ അഴിച്ചു വിടാനോ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വെള്ളപ്പൊക്കം ഉണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ നിന്നും കന്നുകാലികളെ ഉയർന്ന സ്ഥലങ്ങളിലേക്ക് മാറ്റി പാർപ്പിക്കേണ്ടതാണ്.

കാറ്റിലും മഴയിലും ഇലക്ട്രിക് ലൈനുകൾ പൊട്ടി വീഴാൻ സാധ്യതയുണ്ട്. ആയതിനാൽ മൃഗങ്ങളെ വെള്ള കെട്ടുകളിൽ ഇറക്കുമ്പോൾ വൈദ്യുതി ലൈൻ പൊട്ടി വീണു കിടക്കുന്നില്ലെന്നു ഉറപ്പാക്കണം.

ഇലക്ട്രിക് പോസ്റ്റുകളിലും സ്റ്റേ കമ്പികളിൽ കന്നുകാലികളെ കെട്ടിയിടരുത്.

തൊഴുത്തുകളിൽ ഇലക്ട്രിക് വയറുകൾ അലക്ഷ്യമായി ഇടരുത്.

ഇടിമിന്നലുള്ള സമയങ്ങളിൽ തുറസ്സായ സ്ഥലങ്ങളിൽ കന്നുകാലികളെ മേയാൻ വിടരുത്.ശക്തമായ മഴയുള്ള സമയങ്ങളിൽ കന്നുകാലികളെ തുറന്ന സ്ഥലത്ത് കെട്ടിയിടുകയോ മേയാൻ അനുവദിക്കുകയോ ചെയ്യരുത്.

കന്നുകാലികളെ ബലക്ഷയമുള്ള മേൽ കൂരകൾക്കടിയിൽ പാർപ്പിക്കരുത്.

മഴക്കാലത്ത് കാലിത്തീറ്റയിൽ പൂപ്പൽ ബാധയുണ്ടാകാൻ സാധ്യതയുള്ളതിനാൽ തറയിൽ നിന്നും ഉയർന്നതും നനവില്ലാത്തതുമായ സ്ഥലങ്ങളിൽ തീറ്റ സൂക്ഷിക്കേണ്ടതാണ്.

മഴക്കാലത്തു കാലിത്തൊഴുത്തിൽ വെള്ളം കെട്ടി നിൽക്കാൻ അനുവദിക്കരുത്.

കന്നുകാലികളിൽ അകിടുവീക്കം ഉണ്ടാകാൻ സാധ്യത ഉള്ളതിനാൽ മഴക്കാലത്ത് കറവയ്ക്ക് ശേഷം പോവിഡോൺ അയഡിൻ ലായനിയിൽ കാമ്പുകൾ മുക്കി വിടുന്നത് അകിട് വീക്കം തടയാൻ സഹായിക്കും.

കേരളത്തിലെ ആർദ്രത കൂടിയ കാലാവസ്ഥയിൽ മഴക്കാലത്ത് ശ്വസകോശ സംബന്ധമായ അസുഖങ്ങൾ പിടിപെടാൻ സാധ്യതയുള്ളതിനാൽ കർഷകർ ജാഗ്രത പാലിക്കേണ്ടതാണ്

മഴക്കാലത്ത് കൊതുക്/ ഈച്ച ശല്യം നിയന്ത്രിക്കുന്നതിന് കർഷകർ മുൻകരുതൽ സ്വീകരിക്കേണ്ടതാണ്.

മലിനജലം കലർന്ന കുടിവെള്ളം കുടിക്കുന്നതിലൂടെ കന്നുകാലികളിൽ വയറിളക്കം പോലുള്ള അസുഖങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ ശുദ്ധമായ കുടിവെള്ളം മാത്രം കുടിക്കാൻ നൽകുക.

## മുഖാമുഖം പരിപാടി മാറ്റിവച്ചു

എറണാകുളം സിയാൽ കൺവെൻഷൻ സെന്ററിൽ നാളെ നടത്താനിരുന്ന മുഖ്യമന്ത്രിയുടെ വനിതകളുമായുള്ള മുഖാമുഖം പരിപാടി താൽക്കാലികമായി മാറ്റിവച്ചു. ജനപ്രതിനിധികൾക്കും മറ്റുള്ളവർക്കും അവരവരുടെ പ്രദേശങ്ങളിൽ കാലവർഷ കെടുതിയെ തുടർന്നുള്ള ഉത്തരവാദിത്തങ്ങൾ നിർവഹിക്കാനുള്ളത് കൊണ്ടാണ് പരിപാടി മാറ്റിവയ്ക്കുന്നത്.

## ബിരുദ ഓണേഴ്സ് പ്രവേശനം അപേക്ഷ ക്ഷണിച്ചു

ഐ.എച്ച്.ആർ.ഡിയുടെ കീഴിൽ മഹാത്മാ ഗാന്ധി സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള കോന്നി (0468 2382280, 8547005074), മല്ലപ്പള്ളി (0469 2681426, 8547005033), കടുത്തുരുത്തി (0482 9264177, 8547005049), കാഞ്ഞിരപ്പള്ളി(0482 8206480, 8547005075) പയ്യപ്പാടി (8547005040), മറയൂർ (8547005072), നെടുങ്കണ്ടം (8547005067), പീരുമേട് (0486 9299373, 8547005041), തൊടുപുഴ (0486 2257447, 257811, 8547005047), പുത്തൻവേലിക്കര (0484 2487790, 8547005069) എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അപ്ലൈഡ് സയൻസ് കോളേജുകളിലേക്ക്, 2025-26 അദ്ധ്യയന വർഷത്തിൽ ബിരുദ ഓണേഴ്സ് പ്രോഗ്രാമുകളിൽ, കോളേജുകൾക്ക് നേരിട്ട് അഡ്മിഷൻ നടത്താവുന്ന 50 ശതമാനം സീറ്റുകളിൽ ഓൺലൈൻ വഴി പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ www.ihrdadmissions.org വഴി ഓൺലൈനായി സമർപ്പിക്കണം. പൊതു വിഭാഗത്തിലുള്ള വിദ്യാഥികൾക്കു രജിസ്ട്രേഷൻ ഫീസ് 250 രൂപയും അധികമായി അപേക്ഷിക്കുന്ന ഓരോ കോളേജിനും 100 രൂപ എന്ന ക്രമത്തിലും അടയ്ക്കണം (എസ്.സി/ എസ്.ടി വിഭാഗത്തിന് രജിസ്ട്രേഷൻ ഫീസ് 100 രൂപയും അധികമായി അപേക്ഷിക്കുന്ന ഓരോ കോളേജിനും 50 രൂപയും). ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷയുടെ പ്രിന്റ് ഔട്ട്, നിർദിഷ്ട അനുബന്ധങ്ങളും രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി അടച്ച വിവരങ്ങളും സഹിതം പ്രവേശനത്തിന് തിരഞ്ഞെടുക്കുന്ന കോളേജിൽ അഡ്മിഷൻ സമയത്തു ഹാജരാക്കണം. കൂടുതൽ വിവരങ്ങൾക്ക്: www.ihrd.ac.in .

## കെക്സ്കോണിൽ നിയമനം

തൈക്കാട് പ്രവർത്തിക്കുന്ന കെക്സ്കോൺ കേന്ദ്ര കാര്യാലയത്തിലേക്ക് ഓഫീസ് അറ്റൻഡന്റ് കം ഡ്രൈവർ തസ്തികയിലേക്കുള്ള ഒരു ഒഴിവിലേക്ക് തിരുവനന്തപുരം ജില്ലയിൽ നിന്നും കെക്സ്കോണിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വിമുക്തഭടന്മാരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചു. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി മേയ് 30 വൈകുന്നേരം 5 മണിവരെയാണ്. വെള്ള പേപ്പറിൽ എഴുതി തയ്യാറാക്കിയ അപേക്ഷയോടൊപ്പം ബയോഡാറ്റ, ലൈറ്റ് മോട്ടോർ വെഹിക്കിൾ ഡ്രൈവിംഗ് ലൈസൻസ് സഹിതം kexconkerala2022@gmail.com എന്ന ഇ-മെയിൽ മുഖേനയോ നേരിട്ടോ അപേക്ഷകൾ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക്: 0471 2320771.

## അപേക്ഷ ക്ഷണിച്ചു

ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ തൊഴിലധിഷ്ഠിതമായ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ജി.എസ്.ടി കോഴ്സിന് അപേക്ഷ ക്ഷണിച്ചു. അംഗീകൃത സർവകലാശാല ബിരുദമാണ് അടിസ്ഥാന യോഗ്യത. അവസാന വർഷ ബിരുദ വിദ്യാർഥികൾക്കും അപേക്ഷിക്കാം. ഒരു വർഷം ദൈർഘ്യമുള്ള കോഴ്സിൽ 180 മണിക്കൂർ പരിശീലനമാണ് (ക്ലാസ് റൂം ഓൺലൈൻ/ ഓഫ്ലൈൻ ഹൈബ്രിഡ്) ഉൾപ്പെടുത്തിയിട്ടുള്ളത്. വിദ്യാർഥികൾ, സർക്കാർ- അർദ്ധസർക്കാർ, പൊതുമേഖലാ ജീവനക്കാർ, പ്രവാസികൾ, റിട്ടയർ ചെയ്തവർ, മുതിർന്ന പൗരന്മാർ എന്നിവർ ഉൾപ്പെട്ട 14 വിഭാഗങ്ങൾക്ക് ഫീസ് ഇളവുണ്ട്. കോഴ്സിന്റെ സിലബസ്, ഫീസ് തുടങ്ങിയ വിവരങ്ങൾ ംംം.ഴശളമേ.ലറൗ.ശി ൽ ലഭ്യമാണ്. ഹെൽപ് ലൈൻ നമ്പർ: 0471 2596970, 9446466224, 9446176506, 9995446032. അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി: ജൂൺ 16.

## ബയോമസ്റ്ററിംഗ്

കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും 2024 ഡിസംബർ 31 വരെ പെൻഷൻ അനുവദിക്കപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളും ജൂൺ 25 മുതൽ ഓഗസ്റ്റ് 24 വരെ (ക്ഷേമനിധി ഐഡി കാർഡ് സഹിതം) അടുത്തുള്ള അക്ഷയ സെന്ററിൽ പോയി ബയോമസ്റ്ററിംഗ് ചെയ്യേണ്ടതാണ്.

## ക്ഷേമപെൻഷൻ: മസ്റ്ററിംഗ്

2024 ഡിസംബർ 31 വരെ സാമൂഹ്യ സുരക്ഷാ / ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിച്ചിട്ടുള്ള ഗുണഭോക്താക്കൾ ജൂൺ 25 മുതൽ ഓഗസ്റ്റ് 24 നകം വാർഷിക മസ്റ്ററിംഗ് നടത്തണം. അക്ഷയ കേന്ദ്രങ്ങളിലെത്തി മസ്റ്റർ ചെയ്യുന്നവർ 30 രൂപയും ഗുണഭോക്താക്കളുടെ വീട്ടിൽ പോയി മസ്റ്റർ ചെയ്യുന്നതിന് 50 രൂപയും ഗുണഭോക്താക്കൾ അക്ഷയകേന്ദ്രത്തിനു നൽകണം. ഓഗസ്റ്റ് 24 നു ശേഷം നിലവിലെ ഉത്തരവുകൾക്ക് വിധേയമായി ഗുണഭോക്താക്കൾക്ക് പ്രതിമാസ മസ്റ്ററിംഗ് സൗകര്യം സ്വീകരിക്കാം.

## സർവീസിലുള്ള അധ്യാപകർക്കായി പ്രത്യേക കെ-ടെറ്റ്

2025 മെയ് 29, 30 തീയതികളിൽ നടത്തുവാൻ നിശ്ചയിച്ചിരുന്ന സർവീസിലുള്ള അധ്യാപകർക്കായുള്ള പ്രത്യേക കെ-ടെറ്റ് പരീക്ഷ സാങ്കേതിക കാരണങ്ങളാൽ മാറ്റിവെച്ചു. പുതുക്കിയ പരീക്ഷാ തീയതി, ഹാൾടിക്കറ്റ് വെബ്സൈറ്റിൽ ലഭ്യമാകുന്ന തീയതി എന്നിവ പിന്നീട് അറിയിക്കും. വിവരങ്ങൾ വശുേ://സലേ.സലൃമഹമ.ഴീ.ശി, https://pareekshabhavan.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

## ജി ഐ എസ് പരിശീലനം

കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് ഫീസ് അടിസ്ഥാനത്തിൽ സർക്കാർ ഇതര ഉദ്യോഗസ്ഥർക്കായി ജി ഐ എസ് സംബന്ധിച്ച ഹ്രസ്വകാല പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. മൂന്ന് ദിവസത്തെ പരിശീലന പരിപാടിയിൽ ജി ഐ എസ് സെൻസിംഗ് വിഷയങ്ങളിൽ പ്രായോഗിക പരിശീലനം നൽകും. ഫീസ് 3350 രൂപ. താല്പര്യമുള്ള വ്യക്തികൾ www.kslub.kerala.gov.in വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക്: 0471 2302231, 2307830.

## സമയവിവരപ്പട്ടിക പ്രസിദ്ധീകരിച്ചു

2025 ജൂൺ ഒന്നു മുതൽ പരീക്ഷാഭവനിൽ നടക്കുന്ന രാഷ്ട്രീയ ഇൻഡ്യൻ മിലിട്ടറി കോളേജ് (ഞകങഇ), ഡെറാഡൂണിലേക്കുള്ള പ്രവേശന പരീക്ഷയിൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റ് സമയവിവരപട്ടിക എന്നിവ പരീക്ഷാഭവന്റെ ഔദ്യോഗിക വെബ്സൈറ്റിൽ (https://pareekshabhavan.kerala.gov.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## ജവഹർ ബാലഭവനിലെ നഴ്സറി ക്ലാസുകൾ ജൂൺ 2 മുതൽ

കേരള സ്റ്റേറ്റ് ജവഹർ ബാലഭവനിൽ 2025-2026 അധ്യയന വർഷത്തെ നഴ്സറി (ഡേകെയർ, എൽ കെ ജി, യു കെ ജി) ക്ലാസുകൾ ജൂൺ 2 മുതൽ ആരംഭിക്കും. വാഹന സൗകര്യം ലഭ്യം. കൂടുതൽ വിവരങ്ങൾക്ക് ബാലഭവൻ ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0471 2316477, 8590774386.

## വിവരങ്ങൾ അപ്ഡേറ്റ് ചെയ്യണം

തൊഴിൽ വകുപ്പിനു കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വേണ്ടി രൂപീകരിച്ച അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫേസ് സിസ്റ്റം (അകകട) സോഫ്റ്റ് വെയറിലൂടെയുള്ള വിവരശേഖരണം കുറ്റമറ്റതാക്കി ഏകീകൃത ഐഡന്റിറ്റി കാർഡ് നൽകുന്നതിന് വേണ്ടി കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളിക്ഷേമനിധി ബോർഡിലെ എല്ലാ അംഗങ്ങളും രജിസ്ട്രേഷൻ ഡാറ്റ പരിശോധിച്ച് നൽകിയ വിവരങ്ങൾ പൂർണമാണെന്ന് ഉറപ്പ് വരുത്തണം. ആവശ്യമെങ്കിൽ മാറ്റങ്ങൾ വരുത്തി അപ്‌ലോഡ് ചെയ്യണം. അക്ഷയ കേന്ദ്രങ്ങൾ വഴിയോ, വശുേ://ംംം.മശശ.ഹര.സലൃമഹമ.ഴീ.ശി വെബ്സൈറ്റ് വഴി തൊഴിലാളികൾക്ക് സ്വന്തമായോ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യാം. ക്ഷേമനിധി ബോർഡ് അംഗങ്ങൾക്കും നിലവിൽ അംഗത്വം മുടങ്ങി കിടക്കുന്ന പെൻഷൻകാർ ഒഴികെയുള്ള തൊഴിലാളികൾക്കും വിവരങ്ങൾ അപ്ഡേറ്റ് ചെയ്യാം. ആധാർ കാർഡ്, പാൻ കാർഡ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്, മൊബൈൽ നമ്പർ, ക്ഷേമനിധി ഐ.ഡി. കാർഡ്, ഫോട്ടോ എന്നിവ സഹിതമായിരിക്കണം അപ്ഡേഷൻ നടത്തേണ്ടത്. ജൂലൈ 31 വരെയാണ് അപ്ഡേഷന് അവസരം.

# കോഴ്സുകൾക്ക് അപേക്ഷിക്കാം

സ്വാശ്രയ കോളേജുകളായ കാസർകോഡ് മാർത്തോമ കോളേജ് ഓഫ് സ്പെഷ്യൽ എഡ്യൂക്കേഷൻ, കോഴിക്കോട് എ.ഡബ്ല്യൂ.എച്ച് കോളേജ് ഓഫ് സ്പെഷ്യൽ എഡ്യൂക്കേഷൻ, തിരുവനന്തപുരം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് (NISH) എന്നീ സ്ഥാപനങ്ങൾ നടത്തുന്ന, 202425 വർഷത്തെ മാസ്റ്റർ ഓഫ് സയൻസ് ഇൻ ഓഡിയോളജി (M.Sc Aud), മാസ്റ്റർ ഓഫ് സയൻസ് ഇൻ സ്പീച്ച് ലാംഗ്വേജ് പത്തോളജി M.Sc.(SLP), എന്നീ ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് സർക്കാർ ഉത്തരവു മുഖേന അംഗീകരിച്ച പ്രോസ്പെക്ടസ് പ്രകാരം അപേക്ഷ ക്ഷണിച്ചു. ഈ കോഴ്സുകൾക്ക് മെഡിക്കൽ റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അംഗീകാരമുണ്ട്. കേരള ആരോഗ്യ സർവ്വകലാശാലയുടെ അഫിലിയേഷനുമുണ്ട്.

എൽ.ബി.എസ് സെന്റർ ഡയറക്ടറുടെ www.lbscentre.kerala.gov.in വെബ്സൈറ്റ് വഴി ഓൺലൈനായി മെയ് 28 മുതൽ ജൂൺ 20 വരെ അപേക്ഷിക്കാം. 2025 ജൂൺ 18-ാം തീയതി വരെ കേരളത്തിലെ എല്ലാ ഫെഡറൽ ബാങ്കിന്റെ ശാഖകളിലും വെബ്സൈറ്റിലൂടെ ലഭിക്കുന്ന ചെല്ലാൻ ഫോറം ഉപയോഗിച്ചോ അല്ലെങ്കിൽ ഓൺലൈൻ മുഖേനയോ അപേക്ഷാഫീസ് അടയ്ക്കാം. അപേക്ഷാ ഫീസ് ജനറൽ വിഭാഗത്തിന് 1200 രൂപയും എസ്.സി/എസ്.റ്റി വിഭാഗത്തിന് 600 രൂപയുമാണ്. അംഗീകരിക്കപ്പെട്ട ഏതെങ്കിലും യൂണിവേഴ്സിറ്റിയുടെ കീഴിൽ വരുന്നതും റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇൻഡ്യയും കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ് അല്ലെങ്കിൽ തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും യൂണിവേഴ്സിറ്റിയിലുള്ള ഒരു സ്ഥാപനത്തിൽ നിന്നും ബി.എ.എസ്സ്.എൽ.പി കോഴ്സ് അല്ലെങ്കിൽ ബി.എസ്.സി സ്പീച്ച് ആൻഡ് ഹിയറിംഗ് കോഴ്സ് 55 ശതമാനത്തിൽ കുറയാതെ മാർക്കോടെ പാസ്സായവർക്ക് അപേക്ഷിക്കാം. ഇവർ ഇന്റേൺഷിപ്പ് പൂർത്തിയാക്കിയ സർട്ടിഫിക്കറ്റും ഉണ്ടായിരിക്കണം. എസ്.സി/എസ്.റ്റി വിഭാഗത്തിലുള്ളവർക്ക് 5 ശതമാനം മാർക്കിളവ് ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക്: 0471-2560363, 364.

## ജവഹർ ബാലഭവനിലെ റഗുലർ ക്ലാസ്സുകൾ ജൂൺ 3 മുതൽ

കേരള സ്റ്റേറ്റ് ജവഹർ ബാലഭവനിൽ 2025-26 അധ്യയന വർഷത്തെ കുട്ടികൾക്കും മുതിർന്നവർക്കുമുള്ള റഗുലർ ക്ലാസുകൾ ജൂൺ മൂന്നിന് ആരംഭിക്കും. സംഗീതം, നൃത്തം, കളരിപ്പയറ്റ്, കരാട്ടേ, റോളർസ്കേറ്റിംഗ്, യോഗ, അബാക്കസ്, എയ്റോമോഡലിംഗ്, സ്പോക്കൺ ഇംഗ്ലീഷ്, സംഗീത - വാദ്യ ഉപകരണങ്ങൾ തുടങ്ങി വൈവിധ്യമാർന്ന 28 വിഷയങ്ങളാണുള്ളത്. ഒരു കുട്ടിക്ക് 3 വിഷയങ്ങൾ തെരഞ്ഞെടുക്കാം. ആഴ്ചയിൽ രണ്ടു ദിവസം വീതമുള്ള മൂന്നു ബാച്ചുകളായാണ് ക്ലാസുകൾ. വാഹന സൗകര്യം ലഭ്യം. പ്രവേശനം തുടരുന്നു. കൂടുതൽ വിവരങ്ങൾക്ക്: 0471-2316477, 8590774386.

## യോഗങ്ങൾ മാറ്റി

മെയ് 29, 30, 31 തീയ്യതികളിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കോട്ടയത്തും കോഴിക്കോട്ടും നടത്താനിരുന്ന യോഗങ്ങൾ മാറ്റി. 29 നു കോട്ടയത്ത് നടക്കേണ്ടിയിരുന്ന മേഖലാ അവലോകന യോഗം, കോട്ടയം സയൻസ് സിറ്റിയുടെ ഒന്നാം ഘട്ടമായ സയൻസ് സെന്റർ ഉദ്ഘാടനം, 30 നു നടക്കേണ്ടിയിരുന്ന പ്രൊഫഷണൽ വിദ്യാർത്ഥികളുമായുള്ള മുഖ്യമന്ത്രിയുടെ മുഖാമുഖം, 31 നു കോഴിക്കോട് തീരുമാനിച്ചിരുന്ന യുവജനങ്ങളുമായുള്ള മുഖ്യമന്ത്രിയുടെ മുഖാമുഖം എന്നീ പരിപാടികളാണ് മറ്റൊരവസരത്തിലേക്ക് മാറ്റിയത്. കനത്ത കാലവർഷവുമായി ബന്ധപ്പെട്ട മുന്നറിയിപ്പുകൾ തുടരുന്ന പശ്ചാത്തലത്തിലാണിത്.

## ഫിസിഷ്യൻ ഒഴിവ്

എറണാകുളം ജനറൽ ആശുപത്രിയിൽ ഫിസിഷ്യൻ തസ്തികയിലേക്ക് താൽക്കാലിക നിയമനത്തിന് മെയ് 30 ന് അഭിമുഖം നടത്തും. എംബിബിഎസ്, ജനറൽ മെഡിസിനിൽ എംഡി/ഡിഎൻബി, ടിസിഎംസി രജിസ്ട്രേഷനുമാണ് യോഗ്യത. താൽപര്യമുള്ള ഉദ്യോഗാർഥികൾ യോഗ്യത തെളിയിക്കുന്ന രേഖകളുടെ അസൽ, പകർപ്പ്, ബയോഡാറ്റ സഹിതം സൂപ്രണ്ടിന്റെ ഓഫീസിൽ രാവിലെ 10.30 ന് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: 0484-2386000.

## അന്തിമ ട്രാൻസ്ഫർ ലിസ്റ്റ് പ്രസിദ്ധീകരിച്ചു

സർക്കാർ ഹയർസെക്കൻഡറി സ്കൂളുകളിലെ ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ, ഹയർസെക്കൻഡറി സ്കൂൾ ടീച്ചർ (ജൂനിയർ) തസ്തികയിലുള്ളവരുടെ 2025-26 വർഷത്തെ അന്തിമ ട്രാൻസ്ഫർ ലിസ്റ്റ് പ്രസിദ്ധീകരിച്ചു. പ്രസ്തുത ട്രാൻസ്ഫർ ലിസ്റ്റ്, ഇതുമായി ബന്ധപ്പെട്ട സർക്കുലർ എന്നിവ www.dhsetransfer.kerala.gov.in ൽ ലഭ്യമാണ്.

## കോഴ്സുകളിൽ അഡ്മിഷൻ

വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക് കോളേജിൽ പ്രവർത്തിക്കുന്ന വൊക്കേഷണൽ ട്രെയിനിങ് സെന്ററിൽ ഒരു വർഷം ദൈർഘ്യമുള്ള കെ.ജി.ടി.ഇ പ്രീ പ്രസ് ഓപ്പറേഷൻ, പ്രസ് വർക്ക്, പോസ്റ്റ് പ്രസ് ഓപ്പറേഷൻ ആൻഡ് ഫിനിഷിങ് കോഴ്സുകളിൽ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ പത്താം ക്ലാസ് പാസായിരിക്കണം. അപേക്ഷാഫോം, പ്രോസ്പെക്ടസ് എന്നിവ www.polyadmission.org/kgte യിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷാഫോം, സ്വയം സാക്ഷ്യപ്പെടുത്തിയ നിർദിഷ്ട സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ, അപേക്ഷാഫീസ് (25 രൂപ) എന്നിവ സഹിതം കോളജ് ഓഫീസിൽ സമർപ്പിക്കണം. എസ്.സി/ എസ്.ടി/ ഒ.ഇ.സി വിഭാഗത്തിൽപ്പെട്ടവർക്ക് ഫീസിളവ് ഉണ്ടായിരിക്കും. പൂരിപ്പിച്ച അപേക്ഷകൾ ജൂൺ 10 വൈകിട്ട് 4നകം സമർപ്പിക്കണം.

## ജിഐഎസ് സ്പെഷ്യലിസ്റ്റ്

സംസ്ഥാനത്തെ ഒരു സർക്കാർ സ്ഥാപനത്തിൽ ജിഐഎസ് തസ്തികയിൽ താൽക്കാലിക ഒഴിവുണ്ട്. പരിസ്ഥിതി സംബന്ധമായ വിഷയങ്ങളിലെ പിജിയും റിമോട്ട് സെൻസിങിലും ജിഐഎസിലുമുള്ള 5 വർഷത്തെ പ്രവൃത്തിപരിചയവുമാണ് യോഗ്യത. പ്രായപരിധി 41 വയസ്. നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർഥികൾ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള അസൽ സർട്ടിഫിക്കറ്റുകളുമായി മെയ് 31 നകം ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നേരിട്ട് ഹാജരാകണം. നിലവിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്നവർ ബന്ധപ്പെട്ട മേധാവിയിൽ നിന്നുള്ള എൻ.ഒ.സി ഹാജരാക്കണം.

# 'വികസിത കൃഷി സങ്കൽപ്പ് അഭിയാൻ' 29ന് തുടങ്ങും

### കാർഷിക ശാസ്ത്രജ്ഞരും വിദഗ്ധരും രാജ്യത്തെ ഒന്നര കോടി കർഷകരുമായി നേരിട്ട് സംവദിക്കും

കാർഷിക മേഖലയിലെ വികസന-നവീകരണ പ്രവർത്തനങ്ങളുടെ പ്രോത്സാഹനം ലക്ഷ്യമിട്ട് കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന 'വികസിത കൃഷി സങ്കൽപ് അഭിയാൻ' 29ന് തുടങ്ങും. ജൂൺ 12 വരെ നീണ്ടു നിൽക്കുന്ന കാംപയിനിൽ, കാർഷിക ശാസത്രജ്ഞരും വിദഗ്ധരും ഉദ്യോഗസ്ഥരും രാജ്യത്തുടനീളമുള്ള കർഷകരെ നേരിൽ കാണുകയും കൃഷി മെച്ചപ്പെടുത്തുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുകയും ചെയ്യും.

ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന് (ഐ സി എ ആർ) കീഴിലുള്ള 113 ഗവേഷണ സ്ഥാപനങ്ങൾ, 731 കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, കേന്ദ്ര-സ്ഥാപന സർക്കാറുകൾക്ക് കീഴിലെ കൃഷി-മൃഗസംരക്ഷണം-ഫിഷറീസ് വകുപ്പുകൾ തുടങ്ങിയവയിലെ ശാസ്ത്രജ്ഞരും വിദഗ്ധരും കാംപയിനിൽ പങ്കാളികളാകും.

മത്സ്യമേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനവും (സിഎംഎഫ്ആർഐ) പദ്ധതിയുടെ ഭാഗമാകും. കാർഷിക അനുബന്ധ വിഷയങ്ങളിൽ സിഎംഎഫ്ആർഐക്ക് കീഴിലുള്ള എറണാകുളം കെവികെ, ലക്ഷദ്വീപ് കെവികെ എന്നിവയും രംഗത്തുണ്ട്.

കേന്ദ്ര കൃഷി കർഷക ക്ഷേമ മന്ത്രാലയവും ഐസിഎആറും സംസ്ഥാന സർക്കാറുകളുമായി സഹകരിച്ചാണ് പദ്ധതി നടപ്പാകുന്നത്. ശാസ്ത്രജ്ഞരെയും വകുപ്പ് ഉദ്യോഗസ്ഥരെയും കർഷകരെയും ബന്ധിപ്പിക്കുന്ന സുപ്രധാന ചുവടുവെപ്പാണിത്. രാസവളങ്ങളുടെ സന്തുലിതമായ ഉപയോഗം, പ്രാദേശിക സാഹചര്യങ്ങൾ മനസ്സിലാക്കൽ, ഗവേഷണ വിവരങ്ങൾ കൃത്യമായി ഉപയോഗപ്പെടുത്തൽ, ഗുണനിലവാരമുള്ള വിത്തുകളുടെ ഉപയോഗം തുടങ്ങി ഉൽപാദനക്ഷമത കൂട്ടുന്നതിനാവശ്യമായ കാര്യങ്ങൾ കർഷകകരുമായി പങ്കുവെക്കും. കേന്ദ്ര കൃഷി കർഷകക്ഷേമ മന്ത്രി ശിവരാജ് സിംഗ് ചൗഹാനാണ് പദ്ധതിക്ക് നേതൃത്വം നൽകുന്നത്. മുന്നൊരുക്കങ്ങളുടെ ഭാഗമായി രാജ്യത്തെ കാർഷിക ശാസ്ത്രജ്ഞരുമായും വിദഗ്ധരുമായും അദ്ദേഹം ആശയവിനിമയം നടത്തി.

ഗവേഷണത്തിനും നവീകരണത്തിനും ഫണ്ടുകളുടെ കുറവുണ്ടാകില്ലെന്ന് മന്ത്രി പറഞ്ഞു. കൃഷി, കർഷക ക്ഷേമ മന്ത്രാലയം സെക്രട്ടറി ശ്രീ ദേവേഷ് ചതുർവേദി, ഐസിഎആർ ഡയറക്ടർ ജനറൽ ഡോ എം എൽ ജാട്ട്, ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. രാജ്ബീർ സിംഗ്, ഐസിഎആർ സ്ഥാപനങ്ങൾ, ഇന്ത്യൻ അഗ്രികൾച്ചറൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കെവികെകൾ, വിവിധ കേന്ദ്ര, സംസ്ഥാന കാർഷിക സർവകലാശാലകൾ എന്നിവിടങ്ങളിൽ നിന്നുമുള്ള ശാസ്ത്രജ്ഞരും അധ്യാപകരും ഉദ്യോഗസ്ഥരും പ്രതിനിധികളും പങ്കെടുത്തു.

മെയ് 29ന് ഒഡീഷയിലെ പുരിയിലാണ് പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം.

# റൺമലയ്ക്കു മുന്നിൽ കെകെആർ വീണു; വൻ വിജയവുമായി സൺറൈസേഴ്സ്

ന്യൂഡൽഹി: ഇന്ത്യൻ പ്രീമിയർ ലീഗിൽ കോൽക്കത്ത നൈറ്റ് റൈഡേഴ്സിനെതിരെ വൻ വിജയവുമായി സൺറൈസേഴ്സ് ഹൈദരാബാദ്. കെകെആറിനെ 110 റൺസിന് തകർത്താണ് പാറ്റ് കമ്മിൻസും സംഘവും ഈ സീസണോട് വിട പറയുന്നത്.

സ്കോർ: ഹൈദരാബാദ് 278/3 കോൽക്കത്ത 168 (18.4). ഹൈദരാബാദ് ഉയർത്തിയ 279 റൺസ് വിജയലക്ഷ്യം പിന്തുടർന്ന കൊൽക്കത്ത 168 റൺസ് നേടിയപ്പോഴേയ്ക്ക് എല്ലാവരും പുറത്തായി. 37 റൺസ് നേടിയ മനീഷ് പാണ്ഡെയാണ് ടോപ് സ്കോറർ.

ടോസ് നേടി ആദ്യം ബാറ്റ് ചെയ്ത സൺറൈസേഴ്സ് ഹെൻറിച്ച് ക്ലാസന്റെ വെടിക്കെട്ട് സെഞ്ചുറിയുടെയും (39 പന്തിൽ 105) ട്രാവിസ് ഹെഡിന്റെ അർധ സെഞ്ചുറിയുടെയും (76) കരുത്തിലാണ് 278/3 എന്ന പടുകൂറ്റൻ സ്കോർ ഉയർത്തിയത്. മറുപടി ബാറ്റിംഗിന് ഇറങ്ങിയ കെകെആറിനായി ഓപ്പണർമാരായ സുനിൽ നരെയ്ൻ - ക്വിൻറൺ ഡി കോക്ക് സഖ്യം 3.3 ഓവറിൽ 37 റൺസ് കൂട്ടിച്ചേർത്ത ശേഷമാണ് പിരിഞ്ഞത്. 17 പന്തിൽ 31 റൺസ് നേടിയ നരെയ്നെ ജയദേവ് ഉനദ്കട്ട് ക്ലീൻ ബൗൾഡാക്കി.

മൂന്നാമനായി ക്രീസിലെത്തിയ നായകൻ അജിങ്ക്യ രഹാനെയ്ക്ക് പിടിച്ചുനിൽക്കാനായില്ല. 15 റൺസ് നേടിയ രഹാനെയെയും ഉനദ്കട്ട് മടക്കിയയച്ചു. ഒമ്പതു റൺസുമായി ഡി കോക്കും പുറത്തായതോടെ പിന്നീട് വന്നവരെല്ലാം നിലയുറപ്പിക്കാനാകാതെ മടങ്ങുന്ന കാഴ്ചയാണ് കാണാനായത്. എട്ടാം വിക്കറ്റിൽ മനീഷ് പാണ്ഡെ - നിതീഷ് റാണ സഖ്യം 21 പന്തിൽ 50 റൺസിന്റെ കൂട്ടുകെട്ട് കോൽക്കത്തയുടെ തോൽവി ഭാരം കുറച്ചു. സൺറൈസേഴ്സ് ഹൈദരാബാദിനായി ജയദേവ് ഉനദ്കട്ടും ഇഷാൻ മാലിംഗയും ഹർഷ് ദുബെയും മൂന്നുവിക്കറ്റുകൾ വീതം വീഴ്ത്തി. ഹെൻറിച്ച് ക്ലാസനെ കളിയിലെ താരമായി തെരഞ്ഞെടുത്തു.

# ഗുജറാത്ത് തകർന്നടിഞ്ഞു; ജയത്തോടെ മടങ്ങി ധോണിപ്പട

അഹമ്മദാബാദ്: ഇന്ത്യൻ പ്രീമിയർ ലീഗ് സീസണിലെ അവസാന പോരാട്ടത്തിൽ ചെന്നൈ സൂപ്പർ കിംഗ്സിന് തകർപ്പൻ ജയം. ഒന്നാം സ്ഥാനക്കാരായ ഗുജറാത്ത് ടൈറ്റൻസിനെ 83 റൺസിന് വീഴ്ത്തിയാണ് ധോണിയും സംഘവും മടങ്ങുന്നത്.

സ്കോർ: ചെന്നൈ 230/5 ഗുജറാത്ത് 147 (18.3). ചെന്നൈ ഉയർത്തിയ 231 റൺസിന്റെ വിജയലക്ഷ്യം പിന്തുടർന്ന ഗുജറാത്തിന് 147 റൺസ് നേടാനെ സാധിച്ചുള്ളൂ. പവർ പ്ലേ അവസാനിക്കും മുമ്പ് തന്നെ ഗുജറാത്തിന് മൂന്ന് വിക്കറ്റുകൾ നഷ്ടമായിരുന്നു.

ഒരു ഘട്ടത്തിൽ 85ന് ആറ് എന്ന നിലയിൽ തകർന്ന ഗുജറാത്തിനെ മുന്നോട്ട് കൊണ്ടുപോകാൻ രാഹുൽ തെവാതിയയും റാഷിദ് ഖാനും ശ്രമിച്ചെങ്കിലും ഫലമുണ്ടായില്ല. 16-ാം ഓവറിൽ രാഹുൽ തെവാതിയായെ (14) നൂർ അഹമ്മദ് മടക്കിയയച്ചതോടെ ഗുജറാത്തിന്റെ പ്രതീക്ഷകൾ പൂർണമായി അസ്തമിച്ചു.

വാലറ്റത്ത് അർഷാദ് ഖാൻ ചില മിന്നലാക്രമണങ്ങൾ നടത്തിയെങ്കിലും ടീമിനെ വിജയത്തിലെത്തിക്കാനായില്ല. 41 റൺസ് നേടിയ സായ് സുദർശനാണ് ടോപ് സ്കോറർ. ചെന്നൈയ്ക്കായി അൻഷുൽ കാംബോജ് മൂന്നും നൂർ അഹമ്മദും രവീന്ദ്ര ജഡേജയും രണ്ടു വിക്കറ്റുകൾ വീതം വീഴ്ത്തി. ടോസ് നേടി ബാറ്റിംഗ് തെരഞ്ഞെടുത്ത ചെന്നൈ നിശ്ചിത 20 ഓവറിൽ അഞ്ച് വിക്കറ്റ് നഷ്ടത്തിലാണ് 230 റൺസെടുത്തത്. ഡെവോൺ കോൺവേയും (52), ഡെവാൾഡ് ബ്രെവിസും (57) അർധസെഞ്ചുറി നേടി തിളങ്ങി.

ഗുജറാത്തിനായി പ്രസിദ്ധ് കൃഷ്ണ രണ്ടും സായ് കിഷോറും റാഷിദ് ഖാനും ഷാറൂഖ് ഖാനും ഓരോ വിക്കറ്റ് സ്വന്തമാക്കി. ഡെവാൾഡ് ബ്രെവിസിനെ കളിയിലെ താരമായി തെരഞ്ഞെടുത്തു.

## കരാർ നിയമനം

കൊല്ലം സർക്കാർ മെഡിക്കൽ കോളേജിലെ സീനിയർ റസിഡന്റ് (പൾമണറി മെഡിസിൻ) തസ്തികയിലെ ഒഴിവുകളിലേക്ക് കരാർ നിയമനം നടത്തുന്നതിന് മെയ് 28 ന് രാവിലെ 11 മണിക്ക് അഭിമുഖം നടത്തും. വിശദവിവരങ്ങൾക്ക്: www.gmckollam.edu.in.

# തീരപ്രദേശത്തെ കണ്ടെയ്നറുകൾ, ജില്ലകൾക്ക് ആരോഗ്യ വകുപ്പ് മാർഗനിർദേശം നൽകി: മന്ത്രി വീണാ ജോർജ്

### ആരോഗ്യ വകുപ്പിന്റെ ഉന്നതല യോഗം ചേർന്നു

കപ്പൽ മുങ്ങിയതിനെ തുടർന്ന് കണ്ടെയ്നറുകൾ തീരപ്രദേശത്ത് അടിയുന്നത് മൂലം ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ ആരോഗ്യ വകുപ്പ് ചർച്ച ചെയ്തതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്.

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം ജില്ലകളുടെ യോഗം വിളിച്ച് സ്ഥിതി വിലയിരുത്തി ജില്ലകൾക്ക് മാർഗനിർദേശം നൽകിയിട്ടുണ്ട്. ആർ ആർ ടി സജ്ജമായിരിക്കാൻ നിർദേശം നൽകി. ഏത് തരത്തിലുള്ള പ്രശ്നമുണ്ടായാലും മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ പ്രധാന ആശുപത്രികൾ സജ്ജമായിരിക്കണം. ഓക്സിജൻ ലഭ്യത ഉറപ്പാക്കണം. കനിവ് 108 ആംബുലൻസ് ഉൾപ്പെടെയുള്ള സേവനങ്ങളും സജ്ജമാണ്.

എന്തെങ്കിലും ആരോഗ്യ പ്രശ്നങ്ങൾ ഉള്ളവർ ചികിത്സ തേടണം. ആംബുലൻസ് സേവനം ആവശ്യമുള്ളവർ 108 എന്ന ടോൾ ഫ്രീ നമ്പരിൽ ബന്ധപ്പെടണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

# തന്ത്രപ്രധാനമായ വിവരങ്ങൾ പാക്കിസ്ഥാന് കൈമാറി; സിആർപിഎഫ് ഉദ്യോഗസ്ഥൻ അറസ്റ്റിൽ

ന്യൂഡൽഹി: പാക് ഇൻറലിജൻസ് ഉദ്യോഗസ്ഥർക്ക് തന്ത്രപ്രധാനമായ വിവരങ്ങൾ പങ്കുവച്ച സിആർപിഎഫ് ഉദ്യോഗസ്ഥനെ ദേശീയ അന്വേഷണ ഏജൻസി (എൻഐഎ) അറസ്റ്റ് ചെയ്തു. മോതി റാം ജാട്ട് എന്ന ജവാനാണ് അറസ്റ്റിലായത്. ഇയാൾ ചാരവൃത്തിയിൽ സജീവമായി ഏർപ്പെട്ടിരുന്നുവെന്നും 2023 മുതൽ ദേശീയ സുരക്ഷയുമായി ബന്ധപ്പെട്ട രഹസ്യ വിവരങ്ങൾ പാക്കിസ്ഥാൻ ഇൻറലിജൻസ് ഓഫീസർമാരുമായി പങ്കുവച്ചിരുന്നുവെന്നും പറയുന്നു.

വിവിധ മാർഗങ്ങളിലൂടെ പാക് ഏജൻറുമാരിൽ നിന്ന് പണം സ്വീകരിച്ചിരുന്നതായും ഏജൻസി കണ്ടെത്തി. ഡൽഹിയിൽ നിന്നാണ് മോത്തി റാമിനെ അറസ്റ്റ് ചെയ്തത്. ഇയാളെ ചോദ്യം ചെയ്ത് വരികയാണ്. പട്യാല ഹൗസ് കോടതിയിലെ പ്രത്യേക കോടതി ജൂൺ ആറ് വരെ ഏജൻസിയുടെ കസ്റ്റഡിയിൽ വിട്ടു. ഇയാളെ സർവീസിൽ നിന്നും പിരിച്ചുവിട്ടുവെന്ന് സിആർപിഎഫ് ഉദ്യോഗസ്ഥൻ സ്ഥിരീകരിച്ചു.

## ഉണർവ് ജൂൺ 5 ന്

വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഊർജ്ജസംരക്ഷണ പാഠങ്ങൾ പകർന്നു നൽകുന്ന 'ഉണർവ്' പരിപാടിയുടെ മൂന്നാം പതിപ്പ് ജൂൺ അഞ്ചിന് എനർജി മാനേജ്മെന്റ് സെന്ററിൽ ഉദ്ഘാടനം ചെയ്യും. വിദ്യാർത്ഥികളും അധ്യാപകരും എനർജി മാനേജ്മെന്റ് സെന്റർ സന്ദർശിച്ച് ഊർജ്ജ സംരക്ഷണ കാര്യങ്ങൾ മനസ്സിലാക്കുന്ന പരിപാടിയാണിത്. ഈ അധ്യയന വർഷം പരിപാടിയിൽ പങ്കെടുക്കുന്നതിന് വിദ്യാലയങ്ങൾക്ക് രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് : www.keralaenergy.gov.in; 8547142494.

# സംസ്ഥാനത്ത് മഴക്കെടുതി തുടരുന്നു; ശക്തമായ കാറ്റിലും മഴയിലും വ്യാപക നാശനഷ്ടങ്ങൾ

തിരുവനന്തപുരം: ശക്തമായ മഴയിലും കാറ്റിലും സംസ്ഥാനത്തുടനീളം വ്യാപക നാശനഷ്ടങ്ങൾ. ശനിയാഴ്ച രാത്രിയോടെ താമരശേരി ചുരത്തിൽ മരം റോഡിലേക്ക് വീണ് ഗതാഗത തടസമുണ്ടായി. മണിക്കൂറുകളോളം വാഹനങ്ങൾ കുടുങ്ങിക്കിടുന്നു.

കോഴിക്കോട്- മലപ്പുറം ജില്ലാ അതിർത്തിയായ വാലില്ലാപുഴയിൽ വീടിനു മുകളിൽ അടുത്ത വീടിന്റെ സംരക്ഷണ ഭിത്തി തകർന്നുവീണു ഒന്നര മാസം പ്രായമായ കൈകുഞ്ഞിനു പരിക്കേറ്റു. ഒളിപാറമ്മൽ അജിയുടെയും അലീനയുടെയും മകൾ അൻഹ (ഒന്നര മാസം ) ക്കാണ് പരിക്ക്. ഇന്ന് പുലർച്ചെയാണ്അപകടം. കുഞ്ഞിനെ മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

തൊട്ടിൽപ്പാലത്ത് കുറ്റ്യാടി പുഴയുടെ കൈവഴിയായ കരിങ്ങാട് തോടിന്റെ തീരം ഇടിഞ്ഞു. രാത്രി ഉണ്ടായ ശക്തമായ മഴയെ തുടർന്ന് തോട്ടിൽ ജലമൊഴുക്ക് വർധിച്ചതാണ് തീരം ഇടിയുന്നതിന് കാരണമായത്. ഇതോടെ തീരത്തെ ക്വാർട്ടേഴ്സിലെ താമസക്കാരായ നാലു കുടുംബത്തിലെ 14 പേരെ മാറ്റി താമസിപ്പിച്ചു.

മലപ്പുറം മുസ്‌ലിയാരങ്ങാടിയിൽ സംസ്ഥാന പാതയിൽ മഴയിലും, കാറ്റിലും കാറിന് മുകളിൽ മരം വീണ് ഗതാഗതം തടസപ്പെട്ടു. റോഡിലേക്ക് ചാഞ്ഞുനിന്നിരുന്ന ബദാം മരമാണ് വീണത്. ആർക്കും പരിക്കില്ല. വയനാട്ടിൽ കനത്ത മഴയ്ക്കൊപ്പമെത്തിയ ശക്തമായ കാറ്റിൽ മരക്കൊമ്പ് പൊട്ടിവീണ് വിദ്യാർഥിനിക്ക് പരുക്കേറ്റു. കേണിച്ചിറ പുരമടത്തിൽ സുരേഷിന്റെ മകൾ നമിതക്കാണ് പരിക്കേറ്റത്. ഇന്ന് രാവിലെ 11 മണിയോടെ സുൽത്താൻബത്തേരി എടത്തറ ഓഡിറ്റോറിയത്തിന് സമീപത്താണ് അപകടമുണ്ടായത്. വാഹനമിറങ്ങി നടന്നുപോകുന്നതിനിടെ പാതയോരത്ത് നിന്നിരുന്ന പൂമരത്തിന്റെ ശിഖരം പൊട്ടിവീഴുകയായിരുന്നു. കാലിന് പരിക്കേറ്റ നമിതയെ സുൽത്താൻ ബത്തേരിയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പാലക്കാട് പത്തിരിപ്പാലയിൽ ബസിന് മുകളിൽ മരം കടപുഴകി വീണു. ആർക്കും പരിക്കില്ല. നെല്ലിയാമ്പതിയിൽ തുത്തൻപാറയിലേക്കുള്ള വഴിയിൽ മരം വീണ് വിനോദ സഞ്ചാരികൾ കുടുങ്ങി. വനം വകുപ്പ് ഇവരെ സുരക്ഷിത കേന്ദ്രത്തിലേക്ക് മാറ്റി.

പത്തനംതിട്ട ജില്ലയിൽ കനത്ത മഴയിലും ശക്തമായ കാറ്റിലും പമ്പ ചാലക്കയം റോഡിലും വടശേരിക്കര ചിറ്റാർ റോഡിലും മരങ്ങൾ വീണ് ഗതാഗതം തടസപ്പെട്ടു. പ്ലാപ്പള്ളി ആങ്ങമൂഴി റോഡിൽ മരം കാറിനു മുകളിൽ വീണു. യാത്രക്കാർ അത്ഭുതകരമായി രക്ഷപ്പെട്ടു. മലയോര മേഖലയിലേക്ക് രാത്രി യാത്രയ്ക്ക് നിരോധനമുണ്ട്. ശബരിമല പാതയിൽ ശക്തമായ കാറ്റിൽ മരം വീണ് ഗതാഗതം തടസപ്പെട്ടു. കണമല മുതൽ ഇലവുങ്കൽ വരെയാണ് മരങ്ങൾ വീണത്.

തൃശൂർ മുനക്കൽ ബീച്ചിൽ ശക്തമായ കാറ്റിൽ വ്യാപാര സ്ഥാപനങ്ങൾക്ക് നാശം. കാറ്റിൽ വ്യാപാര സ്ഥാപനങ്ങളുടെ ഓടുകൾ പറന്നുപോയി. ചെറുതുരുത്തിയിൽ ഓടിക്കൊണ്ടിരുന്ന ട്രെയിനിനു മുകളിൽ മരം ഒടിഞ്ഞുവീണു. ചെറുതുരുത്തി കലാമണ്ഡലത്തിന് സമീപമുള്ള റെയിൽവേ പാലത്തിലാണ് അപകടമുണ്ടായത്. ജാംനഗറിൽ നിന്ന് തിരുനെൽവേലിയിലേക്ക് പോകുന്ന ജാം ടെൻ എക്സ്പ്രസിന്റെ സെക്കൻഡ് ക്ലാസ് ബോഗികളുടെ മുകളിലേക്കാണ് മരം വീണത്.

മരം വീഴുന്നത് കണ്ട ലോക്കോ പൈലറ്റ് ട്രെയിനിന്റെ വേഗം കുറച്ചതിനാൽ വൻ അപകടം ഒഴിവായി. തുടർന്ന് മണിക്കൂറുകളോളം ട്രെയിൻ നിർത്തിയിട്ടു. മരം പൂർണമായി മുറിച്ചു മാറ്റിയതിന് ശേഷമാണ് ഗതാഗതം പുനരാരംഭിച്ചത്. യാത്രക്കാർക്ക് ആർക്കും പരിക്കില്ല. ഫോർട്ട് കൊച്ചിയിൽ കനത്ത മഴയിൽ മതിൽ ഇടിഞ്ഞ് മൂന്നുപേർക്ക് പരിക്കേറ്റു. മുനമ്പം ഹാർബറിനകത്ത് മരം വീണ് അഞ്ചോളം വാഹനങ്ങൾ തകർന്നു. ഇടുക്കി രാജകുമാരിയിൽ വീടിന് മുകളിലേക്ക് മരം വീണു. രാജകുമാരി പഞ്ചായത്ത് ഓഫിസിന് സമീപം താമസിക്കുന്ന പാറയ്ക്കൽ മേരിയുടെ വീടിന് മുകളിലേയ്ക്കാണ് മരം വീണത്. വീട്ടുകാർ പരിക്കേൽക്കാതെ രക്ഷപ്പെട്ടു.

പാമ്പാടുംപാറയിൽ മരം വീണ് പരിക്കേറ്റ തൊഴിലാളി സ്ത്രീ മരിച്ചു. മധ്യപ്രദേശ് സ്വദേശി മാലതി (21) ആണ് മരിച്ചത്. മാലതിയും ഭർത്താവും ഏലതോട്ടത്തിൽ നിന്നും വിറക് ശേഖരിയ്ക്കുന്നതിനിടെ മരം ഒടിഞ്ഞു വീഴുകയായിരുന്നു. മുറിഞ്ഞപുഴയ്ക്ക് സമീപം ദേശീയ പാതയിൽ മണ്ണിടിഞ്ഞ് ഗതാഗത തടസമുണ്ടായി.

# ഭർത്യവീട്ടുകാർ പീഡിപ്പിച്ചു; വീഡിയോ ചിത്രീകരിച്ച ശേഷം യുവതി ജീവനൊടുക്കി

ലക്നോ: ഭർതൃകുടുംബത്തിൽ നിന്നുള്ള മാനസിക പീഡനം താങ്ങാനാവുന്നില്ലെന്ന് ചൂണ്ടികാട്ടി യുവതി വീഡിയോ റിക്കാർഡ് ചെയ്ത ശേഷം ജീവനൊടുക്കി.

നാല് മാസം മുൻപ് വിവാഹിതയായ യുവതിയാണ് മരിച്ചത്. ഉത്തർ പ്രദേശിലെ മൊറാദാബാദ് സ്വദേശിയായ സമ്രീൻ ജവാൻ(23) ആണ് മരിച്ചത്.

ബംഗളൂരുവിൽ വെൽഡറായി ജോലി ചെയ്യുന്ന തന്റെ ഭർത്താവും ഭർതൃപിതാവും ഭർതൃസഹോദരിയും ചേർന്നാണ് തന്നെ ആത്മഹത്യയിലേക്ക് തള്ളി വിട്ടതെന്ന് യുവതി വിഡിയോയിൽ പറയുന്നു.

ഗർഭം അലസിയതിന് ശേഷം താൻ ബുദ്ധിമുട്ടുകയാണെന്ന് സമ്രീൻ വിഡിയോയിൽ പറയുന്നു. ഭക്ഷണശീലം ഉൾപ്പെടെയുള്ള നിസാരകാര്യങ്ങളുടെ പേരിൽ ഭർതൃവീട്ടുകാർ തന്നെ പതിവായി ഉപദ്രവിച്ചിരുന്നുവെന്നും തന്റെ മുറിയിലേക്കുള്ള വൈദ്യുതി ബന്ധം വിച്ഛേദിച്ചതായും സമ്രീൻ വിഡിയോയിൽ പറയുന്നു.

'എന്റെ മരണത്തിന് എന്റെ ഭർത്താവിന്റെ ബന്ധുക്കളാണ് ഉത്തരവാദികൾ. എന്റെ ഭർത്താവും ഭാഗികമായി ഉത്തരവാദിയാണ്. അയാൾക്ക് എന്നെ മനസ്സിലാകുന്നില്ല. എല്ലാം എന്റെ തെറ്റാണെന്നാണ് അയാൾ കരുതുന്നത്.

അച്ഛനും സഹോദരിയും പറഞ്ഞു കൊടുക്കുന്നതാണ് അയാൾ വിശ്വസിക്കുന്നത്. എനിക്ക് ഇനി സഹിക്കാൻ കഴിയില്ല. ' സമ്രീൻ വീഡിയോയിൽ പറഞ്ഞു.

തന്റെ ഭർത്താവ് 'നീ എന്തുകൊണ്ട് മരിക്കുന്നില്ലാ' യെന്ന് ചോദിച്ചെന്നും ഭർതൃസഹോദരിയും ഭർതൃപിതാവും ഇതേ കാര്യം തന്നെയാണ് പറയുന്നതെന്നും സമ്രീൻ പറയുന്നു. തനിക്ക് സുഖമില്ലാതെ വന്നപ്പോൾ ചികിത്സയ്ക്കായി പണം നൽകിയത് തെറ്റായിപോയി എന്ന് ഭർതൃവീട്ടുകാർ തന്നോട് പറഞ്ഞതായി വീഡിയോയിൽ പറഞ്ഞു. ചെലവഴിച്ച പണം തിരികെ നൽകാൻ അവർ തന്നോട് ആവശ്യപ്പെട്ടുവെന്നും സമ്രീൻ വീഡിയോയിൽ പറയുന്നു

## ഫുൾ ടൈം മീനിയൽ ഒഴിവ്

കരിക്കകം ഗവ. ഹൈസ്കൂളിൽ ഫുൾ ടൈം മീനിയൽ തസ്തികയിൽ (എഫ്.ടി.എം) ഒരു താത്കാലിക ഒഴിവുണ്ട്. യോഗ്യരായ ഉദ്യോഗാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം മേയ് 29 രാവിലെ 10ന് അഭിമുഖത്തിനായി സ്കൂൾ ഓഫീസിൽ ഹാജരാകണം.

## എം.ടെക് പ്രവേശനം

2025-26 വർഷത്തെ എം.ടെക് കോഴ്സിലേക്കുള്ള പ്രവേശനത്തിനായി ഓൺലൈൻ അപേക്ഷ സമർപ്പിച്ചിരുന്ന അപേക്ഷകർക്ക് അവരുടെ പ്രൊഫൈൽ, ഗേറ്റ് സ്കോർ, മാർക്ക്/ ഗ്രേഡ് എന്നിവ പരിശോധിക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനുമുള്ള അവസാന തീയതി മെയ് 30. മാർഗനിർദേശങ്ങൾ dtekerala.co.in/sitelogin, www.dtekerala.gov.in വെബ്സൈറ്റുകളിൽ ലഭിക്കും.

# മുംബൈയിൽ കനത്ത മഴ; വിമാന സർവീസുകൾ തടസപ്പെട്ടു

മുംബൈ: ഞായറാഴ്ച പകലും രാത്രിയും തുടർന്ന കനത്ത മഴ മുംബൈ നഗരത്തെ സ്തംഭിപ്പിച്ചു. നഗരത്തിലെ പല പ്രദേശങ്ങളും വെള്ളത്തിനടിയിലായി. 3,100ലധികം താമസക്കാരോട് സുരക്ഷിത സ്ഥലങ്ങളിലേക്ക് മാറാൻ അധികൃതർ നിർദേശം നൽകി. മഴയും ആഞ്ഞടിച്ച കാറ്റും കാരണം വിമാന സർവീസുകൾ തടസപ്പെട്ടു. കുർള, സിയോൺ, ദാദർ, പരേൽ എന്നിവിടങ്ങളിലെ താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം നിറഞ്ഞ തെരുവുകളിലൂടെ വാഹനങ്ങൾ നീങ്ങുന്നതിന്റെ ദൃശ്യങ്ങൾ പുറത്തുവന്നു. കാലാവസ്ഥാ നിരീക്ഷണ കേന്ദ്രങ്ങളുടെ കണക്കനുസരിച്ച് ഞായറാഴ്ച മുംബൈയിലെ നരിമാൻ പോയൻറ് പ്രദേശത്ത് 40 മില്ലിമീറ്ററും ഗ്രാൻറ് റോഡിൽ 36 മില്ലിമീറ്ററും കൊളാബയിൽ 31 മില്ലിമീറ്ററും ബൈക്കുല്ലയിൽ 21 മില്ലിമീറ്ററും മഴ ലഭിച്ചു.

മുംബൈയുടെ കിഴക്കൻ, പടിഞ്ഞാറൻ പ്രാന്ത പ്രദേശങ്ങളിൽ തിങ്കളാഴ്ച മഴ ലഭിക്കുന്നുണ്ടെന്ന് അധികൃതർ കൂട്ടിച്ചേർത്തു. മുംബൈയിൽ നിന്നുള്ള വിമാന സർവീസുകളെ മഴ ബാധിച്ചു. മോശം കാലാവസ്ഥ കാരണം വിമാനങ്ങളുടെ ആഗമനവും പുറപ്പെടലുകളും പരിശോധിക്കണമെന്ന് സ്പൈസ് ജെറ്റും എയർ ഇന്ത്യയും അറിയിച്ചു. തുടർച്ചയായ മഴയിൽ റെയിൽവേ ട്രാക്കുകളിൽ വെള്ളം കെട്ടി നിൽക്കുന്നതിനാൽ സബർബൻ ട്രെയിൻ സർവീസുകൾ വൈകി. സെൻട്രൽ റെയിൽവേയുടെ പ്രധാന പാതയിൽ കല്യാണിലേക്ക് പോകുന്ന ട്രെയിനുകൾ വൈകിയാണ് ഓടുന്നത്. ഛത്രപതി ശിവാജി മഹാരാജ് ടെർമിനസിലേക്ക് പോകുന്ന അതിവേഗ ട്രെയിനുകൾ വൈകിയാണ് ഓടുന്നത്. ഹാർബർ, വെസ്റ്റേൺ ലൈനിലെ ട്രെയിൻ സർവീസുകളും കാലതാമസം നേരിടുന്നുണ്ടെന്ന് അധികൃതർ അറിയിച്ചു.

കഴിഞ്ഞ ദിവസം മുതൽ മുംബൈ നഗരത്തിലെ ചില ഭാഗങ്ങളിൽ കനത്ത മഴയും വെള്ളക്കെട്ടും അനുഭവപ്പെടുന്നുണ്ട്. തിങ്കളാഴ്ച മുംബൈയിലെ താനെ, പാൽഘർ ജില്ലകളിൽ കനത്ത മഴ പെയ്യുമെന്ന് ഇന്ത്യൻ കാലാവസ്ഥാ വകുപ്പ് അറിയിച്ചു. റായ്ഗഡ്, രത്നഗിരി, സിന്ധുദുർഗ് ജില്ലകളിൽ അതിശക്തമായ മഴ മുന്നറിയിപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# സ്കൂൾ വർഷാരംഭം; പ്രവർത്തന പുരോഗതി മുഖ്യമന്ത്രി വിലയിരുത്തി

സ്കൂൾ വർഷാരംഭ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പുരോഗതി മുഖ്യമന്ത്രി പിണറായി വിജയൻ വിലയിരുത്തി. ഈ വർഷത്തെ സംസ്ഥാന പ്രവേശനോത്സവം ആലപ്പുഴ കലവൂർ ഹയർ സെക്കൻഡറി സ്കൂളിൽ ജൂൺ 2 ന് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും. അന്നേ ദിവസം സംസ്ഥാനത്തെ എല്ലാ സ്കൂളിലും പ്രവേശനോൽസവ ചടങ്ങുകൾ നടക്കും.

സ്കൂൾ തുറക്കും മുൻപ് തന്നെ എല്ലാ സ്കൂളുകളുടെയും ഫിറ്റ്നസ് പരിശോധിച്ച് ഉറപ്പ് വരുത്തണമെന്ന് മുഖ്യമന്ത്രി കർശന നിർദ്ദേശം നൽകി. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഘടകങ്ങൾ ഉൾച്ചേർന്ന് നവീകരിച്ച അക്കാദമിക്ക് മാസ്റ്റർ പ്ലാൻ ജൂൺ 15 നകം പൂർത്തികരിക്കണമെന്നും മുഖ്യമന്ത്രി നിർദ്ദേശം നൽകി.

സ്കൂൾ ബസുകൾക്കും കുട്ടികളെ എത്തിക്കുന്ന സ്വകാര്യ വാഹനങ്ങൾക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉറപ്പ് വരുത്തണം.

ഇതോടൊപ്പം ഡ്രൈവർമാർക്ക് ബോധവൽകരണവും നൽകണം. പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാവണം സ്കൂൾ വാഹനങ്ങളിലെ ജീവനക്കാരെ നിയമിക്കേണ്ടത്.

സ്കൂൾ പരിസരത്ത് ട്രാഫിക്ക് പോലീസിന്റെ സേവനം ഉറപ്പാക്കണം. സ്കൂൾ തുറക്കും മുൻപ് കാടുകൾ വെട്ടിത്തെളിച്ച് ശുചീകരണ നടപടികൾ പൂർത്തീകരിക്കണം. പാചകപ്പുര, ശുചിമുറി, കൈകഴുകുന്ന സ്ഥലം എന്നിവ വൃത്തിയുള്ളതായിരിക്കണം. ബെഞ്ച്, ഡസ്ക് എന്നിവ ഉപയോഗയോഗ്യമാക്കണം.

സ്കൂൾ പരിസരത്തെ അപകട ഭീഷണിയുള്ള മരങ്ങളും മരച്ചില്ലകളും വെട്ടി മാറ്റണം.

കുടിവെള്ള സ്രോതസ്സുകൾ വൃത്തിയാക്കി ശുദ്ധമായ കുടിവെള്ളം ഉറപ്പ് വരുത്തണം.

റെയിൽവേ ക്രോസിന് സമീപത്തെ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് അപകടകരഹിതമായി ട്രാക്ക് മുറിച്ചു കടക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം. മെന്റർ ടീച്ചർമാരെ സ്കൂൾ തുറക്കും മുൻപ് നിയമിക്കണം. പാഠപുസ്തകങ്ങൾ യൂണിഫോം എന്നിവ എല്ലാ വിദ്യാർത്ഥികളുടെ പക്കലും എത്തി എന്ന് ഉറപ്പാക്കണം.

യോഗത്തിൽ പൊതുവിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി, ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ. ബിന്ദു, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം ബി രാജേഷ്, ഭക്ഷ്യ വകുപ്പ് മന്ത്രി ജി. ആർ അനിൽ, ചീഫ് സെക്രട്ടറി ഡോ.എ ജയതിലക് അടക്കമുള്ള മുതിർന്ന ഉദ്യോഗസ്ഥരും പങ്കെടുത്തു.

# അധിക്ഷേപ പരാമർശം; മാപ്പ് പറഞ്ഞ് കെമാൽ പാഷ

കൊച്ചി: മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. കെ. എം. ഏബ്രഹാമിനെതിരെ അധിക്ഷേപ പരാമർശം നടത്തിയ സംഭവത്തിൽ റിട്ട. ജസ്റ്റീസ് കെമാൽ പാഷ മാപ്പ് പറഞ്ഞു. യൂട്യൂബ് വീഡിയോ വഴി അധിക്ഷേപ പരാമർശം നടത്തിയത് വിവാദമായതിന് പിന്നാലെയാണ് വീഡിയോ പിൻവലിച്ച് അദ്ദേഹം ക്ഷമാപണം നടത്തിയത്. ജസ്റ്റീസ് കെമാൽ പാഷ വോയിസ് എന്ന സ്വന്തം യൂട്യൂബ് ചാനൽ വഴി നടത്തിയ വ്യക്തിപരമായ അധിക്ഷേപ പരാമർശങ്ങൾക്കെതിരെ ഡോ. കെ. എം. ഏബ്രഹാം വക്കീൽനോട്ടീസ് അയച്ചിരുന്നു. വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദന കേസിൽ ഹൈക്കോടതി കെ. എം. ഏബ്രഹാമിനെതിരെ സിബിഐ അന്വേഷണത്തിന് ഉത്തരവിട്ടിരുന്നു.തുടർന്നാണ് അധിക്ഷേപ പരാമർശങ്ങളടങ്ങിയ വിഡിയോ കെമാൽ പാഷ സ്വന്തം യൂട്യൂബ് ചാനലിൽ പോസ്റ്റ് ചെയ്തത്. ഏപ്രിൽ 11,20 തീയതികളിൽ അപ് ലോഡ് ചെയ്ത രണ്ടു വീഡിയോകളിലായാണ് കെമാൽ പാഷയുടെ വിവാദ പരാമർശങ്ങൾ ഉണ്ടായിരുന്നത്. അന്വേഷണത്തിന് ഹൈക്കോടതി ഉത്തരവിടുക മാത്രം ചെയ്ത കേസിൽ കെ. എം. ഏബ്രഹാമിനെ കാട്ടുകള്ളൻ, അഴിമതി വീരൻ, കൈക്കൂലി വീരൻ തുടങ്ങിയ പരാമർശങ്ങളിലൂടെ അധിക്ഷേപിച്ചിരുന്നു. വീഡിയോ പിൻവലിച്ച് പരസ്യമായി മാപ്പ് പറയണമെന്നും മുൻനിര പത്രങ്ങളിലടക്കം മാപ്പപേക്ഷ പ്രസിദ്ധീകരിക്കണമെന്നും കെ. എം. ഏബ്രഹാം വക്കീൽ നോട്ടീസിൽ ആവശ്യപ്പെട്ടിരുന്നു.

ഇങ്ങനെ ചെയ്തില്ലെങ്കിൽ രണ്ടു കോടി രൂപ നഷ്ടപരിഹാരം ആവശ്യപ്പെട്ട് മാനനഷ്ടക്കേസ് നൽകുമെന്നും വക്കീൽ നോട്ടീസിൽ പറയുന്നു. ഇതേതുടർന്നാണ് കെമാൽ പാഷ വീഡിയോകൾ പിൻവലിക്കുകയും പരാമർശങ്ങളിൽ ഖേദം പ്രകടിപ്പിക്കുകയും ചെയ്തത്.

# കണ്ടെയ്നറുകളിൽ വെള്ളവുമായി ചേർന്നാൽ തീപിടിക്കാവുന്ന രാസവസ്തുക്കളുണ്ട്, തൊടരുത്; വീണ്ടും മുന്നറിയിപ്പ്

കൊല്ലം: അറബിക്കടലിൽ മുങ്ങിയ കപ്പലിൽ നിന്നുള്ള വസ്തുക്കൾ എന്ന് സംശയിക്കുന്നവയിൽ ഒരു കാരണവശാലും തൊടരുത് എന്ന് വീണ്ടും മുന്നറിയിപ്പ്.

വെള്ളവുമായി ചേർന്നാൽ തീ പിടിക്കാവുന്ന രാസവസ്തുക്കൾ ഉണ്ടെന്നും ജനങ്ങൾ പ്രത്യേകം ശ്രദ്ധിക്കണമെന്നും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി.

കാൽഷ്യം കാർബൈഡ് എന്ന, വെള്ളവുമായി ചേർന്നാൽ തീ പിടിക്കാവുന്ന അസെറ്റിലിൻ ഗ്യാസ് പുറപ്പെടുവിക്കുന്ന, പൊള്ളലുണ്ടാക്കുന്ന തരത്തിലുള്ള വസ്തുവും ചില കണ്ടെയ്നറുകളിൽ ഉണ്ട്.

ഇവ അടങ്ങിയിരുന്ന കണ്ടെയ്നറുകളാണോ കൊല്ലം തീരങ്ങളിൽ അടിഞ്ഞത് എന്ന കാര്യത്തിൽ ഇനിയും സ്ഥിരീകരണമായിട്ടില്ല. അതുകൊണ്ടും കൂടിയാണ് മുന്നറിയിപ്പ് പുറപ്പെടുവിച്ചിരിക്കുന്നത്.

അധികൃതർ വസ്തുക്കൾ മാറ്റുമ്പോൾ തടസം സൃഷ്ടിക്കരുത്. 200 മീറ്റർ എങ്കിലും ദൂരെ മാറി നിൽക്കുവാൻ ശ്രദ്ധിക്കണം. സംശയകരമായ സാഹചര്യത്തിൽ എന്തെങ്കിലും കണ്ടാൽ അപ്പോൾത്തന്നെ 112ൽ വിളിക്കാനും മുന്നറിയിപ്പുണ്ട്.

## മഴ; കണ്ണൂർ സർവകലാശാല പരീക്ഷകൾ മാറ്റിവച്ചു

കണ്ണൂർ: കനത്ത മഴ തുടരുന്ന പശ്ചാത്തലത്തിൽ കണ്ണൂർ സർവകലാശാല തിങ്കളാഴ്ച നടത്താനിരുന്ന എല്ലാ പരീക്ഷകളും മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുമെന്ന് സർവകലാശാല അറിയിച്ചു. പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് തിങ്കളാഴ്ച അവധി പ്രഖ്യാപിച്ചു. സ്പെഷൽ ക്ലാസുകൾ വയ്ക്കരുതെന്നും കളക്ടർമാരുടെ ഉത്തരവിൽ പറയുന്നു. കണ്ണൂർ ഉൾപ്പെടെ 11 ജില്ലകളിൽ നാളെ റെഡ് അലർട്ട് പ്രഖ്യാപിച്ചിരിക്കുകയാണ്. പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കാസർഗോഡ് ജില്ലകളിലാണ് റെഡ് അലർട്ട് പ്രഖ്യാപിച്ചിരിക്കുന്നത്.

# നിലമ്പൂർ ഉപതെരഞ്ഞെടുപ്പ്; ആര്യാടൻ ഷൗക്കത്തിന് നറുക്ക്

മലപ്പുറം: നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ ആര്യാടൻ ഷൗക്കത്ത് യുഡിഎഫ് സ്ഥാനാർഥിയാകും. ഇതു സംബന്ധിച്ചുള്ള പ്രഖ്യാപനം തിങ്കളാഴ്ച ഉച്ചയ്ക്കു മുമ്പ് നടത്തും. ഒറ്റപ്പേര് എഐസിസിക്ക് കൈമാറാനാണ് കെപിസിസിയുടെ തീരുമാനം. ആര്യാടൻ ഷൗക്കത്തിന്റെ പേരിനാണ് കെപിസിസി ചർച്ചകളിൽ മുൻതൂക്കം. ഡിസിസി പ്രസിഡന്റ് വി. എസ്. ജോയി സ്ഥാനാർഥിയാകുമെന്ന് റിപ്പോർട്ടുകളുണ്ടായിരുന്നെങ്കിലും അവസാന നിമിഷം ചർച്ച ആര്യാടൻ ഷൗക്കത്തിലേക്ക് എത്തുകയായിരുന്നു.

മണ്ഡലത്തിലെ ചില സമവാക്യങ്ങൾ ഷൗക്കത്തിന് ആനുകൂലമാണെന്നാണ് കെപിസിസിയുടെ വിലയിരുത്തൽ. തന്നെ സ്ഥാനാർഥിയാക്കണോയെന്ന് തീരുമാനിക്കേണ്ടത് കോൺഗ്രസ് ഹൈക്കമാൻറാണെന്ന് ആര്യാടൻ ഷൗക്കത്ത് പറഞ്ഞു.

എന്നാൽ എൽഡിഎഫ് സ്ഥാനാർഥിയെ തീരുമാനിക്കുന്നതിനായി സിപിഎം സംസ്ഥാന സെക്രട്ടേറിയറ്റ് ചൊവ്വാഴ്ച ചേരും. യുഡിഎഫ് സ്ഥാനാർഥി പ്രഖ്യാപനത്തിനു പിന്നാലെ വിമതനീക്കമുണ്ടാകുമോയെന്നും അവർ നിരീക്ഷിക്കുന്നുണ്ട്. 2016ലെ തെരഞ്ഞെടുപ്പിൽ ആര്യാടൻ ഷൗക്കത്ത് നിലമ്പൂരിൽ മത്സരിച്ചിരുന്നവെങ്കിലും പി. വി. അൻവറിനോട് പരാജയപ്പെട്ടിരുന്നു. എൽഡിഎഫ് സ്വതന്ത്രനായി മത്സരിച്ച അൻവർ 11504 വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് അന്ന് വിജയിച്ചത്.

# കുഞ്ഞിനെ പീഡിപ്പിച്ച പ്രതിക്ക് നേരേ പാഞ്ഞടുത്ത് നാട്ടുകാർ; പോലീസുമായി ഉന്തും തള്ളും

കൊച്ചി: അമ്മ പുഴയിലെറിഞ്ഞ് കൊലപ്പെടുത്തിയ നാലു വയസുകാരിയെ പീഡിപ്പിച്ച പ്രതിയെ തെളിവെടുപ്പിനെത്തിച്ചപ്പോൾ പ്രതിഷേധവുമായി നാട്ടുകാർ. പ്രതി താമസിച്ചിരുന്ന മറ്റക്കുഴിയിലെ വീട്ടിൽ തെളിവെടിപ്പിനായി എത്തിച്ചപ്പോഴാണ് ഇയാൾക്കു നേരെ ആക്രമണ ശ്രമമുണ്ടായത്.

ജീപ്പിൽനിന്ന് ഇറങ്ങിയ പ്രതിയെ മുഖം മറയ്ക്കാൻ നാട്ടുകാർ അനുവദിച്ചില്ല. നീ എന്തിനാടാ ആ കുഞ്ഞിനെ കൊന്നതെന്നു ചോദിച്ചായിരുന്നു ആക്രോശം. സ്ത്രീകളടക്കമുള്ളവർ ഇയാൾക്കെതിരേ പ്രതിഷേധമുയർത്തി.

ആ കുഞ്ഞിനോട് എങ്ങനെ ഇത് ചെയ്യാൻ തോന്നിയെന്നായിരുന്നു സ്ഥലത്തുണ്ടായിരുന്ന പല സ്ത്രീകളും കരഞ്ഞുകൊണ്ട് ചോദിച്ചത്. പ്രതിയെ നാട്ടുകാർ ആക്രമിക്കാനുള്ള ശ്രമമുണ്ടായപ്പോൾ പോലീസ് ഇടപെട്ടാണ് നാട്ടുകാരെ തടഞ്ഞത്. തുടർന്ന് നാട്ടുകാർ പോലീസിനു നേരെ തിരിഞ്ഞു. ഇതിനിടെ അഞ്ച് മിനിറ്റുകൊണ്ട് തെളിവെടുപ്പ് പൂർത്തിയാക്കി പോലീസ് മടങ്ങി. കഴിഞ്ഞദിവസം വീട്ടിലെത്തിച്ച് തെളിവെടുപ്പ് നടത്താനായിരുന്നു പോലീസ് ആദ്യം തീരുമാനിച്ചിരുന്നത്.

എന്നാൽ കഴിഞ്ഞദിവസം പ്രതിയുടെ അച്ഛൻ മരിച്ചതിനാലും നാട്ടുകാരുടെ പ്രതിഷേധവും കണക്കിലെടുത്ത് തെളിവെടുപ്പ് ഞായറാഴ്ചത്തേക്ക് മാറ്റിവെയ്ക്കുകയായിരുന്നു. പ്രതിയുടെ കസ്റ്റഡി കാലാവധി തിങ്കളാഴ്ച അവസാനിക്കും.

# കരുവന്നൂർ കേസിൽ സിപിഎമ്മും പ്രതി; കെ. രാധാകൃഷ്ണൻ അടക്കമുള്ളവരെയും പ്രതികളാക്കി ഇഡി കുറ്റപത്രം

കൊച്ചി: കരുവന്നൂർ ബാങ്ക് തട്ടിപ്പ് കേസിൽ സിപിഎമ്മിനെ അടക്കം പ്രതി ചേർത്ത് ഇഡി അന്തിമ കുറ്റപത്രം സമർപ്പിച്ചു.

പാർട്ടി മുൻ ജില്ലാ സെക്രട്ടറിമാരായ കെ. രാധാകൃഷ്ണൻ എംപി, എ. സി. മൊയ്തീൻ, എം. എം. വർഗീസ് എന്നിവരെ കേസിൽ പ്രതി ചേർത്തു. കലൂർ പിഎംഎൽഎ കോടതിയിലാണ് കുറ്റപത്രം സമർപ്പിച്ചത്. അന്തിമ കുറ്റപത്രത്തിൽ 27 പേരെ കൂടി പ്രതിചേർത്തിട്ടുണ്ട്. ഇതോടെ കേസിലെ ആകെ പ്രതികളുടെ എണ്ണം 83 ആയി. തട്ടിപ്പിൽ പാർട്ടിക്ക് പങ്കുണ്ടെന്നാണ് ഇഡി കണ്ടെത്തൽ.

സിപിഎമ്മിനെ 68-ാം പ്രതിയായാണ് കുറ്റപത്രത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 2011-2021 വരെയുള്ള കാലഘട്ടത്തിൽ കരുവന്നൂർ ബാങ്കിൽ സിപിഎമ്മിന്റെ കള്ളപ്പണ ഇടപാടുകൾ നടന്നു.

പാർട്ടിക്ക് സ്വത്ത് സമ്പാദിക്കാനായി കരുവന്നൂരിലെ രഹസ്യ അക്കൗണ്ടുകളെ ഉപയോഗിച്ചു. ഇത് സിപിഎം ജില്ലാ നേതൃത്വത്തിന്റെ അറിവോടെയാണെന്നായിരുന്നു കണ്ടെത്തൽ.തട്ടിപ്പുവഴി പ്രതികൾ 180 കോടി രൂപ സമ്പാദിച്ചു. പ്രതികളുടെ സ്വത്തിൽനിന്ന് 128 കോടി രൂപ ഇഡി കണ്ടുകെട്ടിയെന്നും കുറ്റപത്രത്തിൽ പറയുന്നു.

## വയനാട്ടിലെ കൊലപാതകം; കാണാതായ കുട്ടിയെ പ്രതിക്കൊപ്പം കണ്ടെത്തി

വയനാട്: മാനന്തവാടി അപ്പപ്പാറയിൽ ആൺസുഹൃത്ത് കൊലപ്പെടുത്തിയ പ്രവീണയുടെ ഒമ്പതുവയസുകാരിയായ മകളെ കണ്ടെത്തി. കൊലപാതകം നടന്ന വീട്ടിൽനിന്ന് മീറ്ററുകൾ മാത്രം അകലെ വനമേഖലയോട് ചേർന്നുള്ള ഒഴിഞ്ഞ വീട്ടിൽ പ്രതി ദിലീഷിനൊപ്പമാണ് കുട്ടിയെ കണ്ടെത്തിയത്. പ്രതി കുട്ടിയെ തട്ടിക്കൊണ്ടുപോവുകയായിരുന്നു. പ്രതിയെ പോലീസ് കസ്റ്റഡിയിലെത്തു. കൊലപാതകത്തിന് പിന്നാലെ ഞായറാഴ്ച രാത്രി മുതലാണ് കുട്ടിയെ കാണാതായത്.പോലീസും ഫയർഫോഴ്സും വനംവകുപ്പും ചേർന്ന് നടത്തിയ തെരച്ചിലിലാണ് ഇവരെ കണ്ടെത്തിയത്. ആക്രമണത്തിൽ പരിക്കേറ്റ പ്രവീണയുടെ മറ്റാരു മകൾ മാനന്തവാടിയിലെ മെഡിക്കൽ കോളജിൽ ചികിത്സയിലാണ്. ഈ കുട്ടിയുടെ മൊഴി പോലീസ് രേഖപ്പെടുത്തിയിട്ടുണ്ട്.

## വൈദ്യുതിലൈൻ പൊട്ടി തോട്ടിലേക്ക് വീണു; മീൻ പിടിച്ചുകൊണ്ടിരുന്ന സഹോദരങ്ങൾക്ക് ദാരുണാന്ത്യം

കോഴിക്കോട്: വൈദ്യുതി ലൈൻ പൊട്ടി തോട്ടിലേക്ക് വീണ് മീൻപിടിച്ചുകൊണ്ടിരുന്ന സഹോദരങ്ങളായ രണ്ട് വിദ്യാർഥികൾക്ക് ദാരുണാന്ത്യം. കോഴിക്കോട് കോടഞ്ചേരിയിലുണ്ടായ ദാരുണ സംഭവത്തിൽ കോടഞ്ചേരി ചന്ദ്രൻകുന്നേൽ ബിജു - ഷീബ ദമ്പതികളുടെ മക്കളായ നിധിൻ (14), എബിൻ (10) എന്നിവരാണ് മരിച്ചത്. ഞായറാഴ്ച വൈകുന്നേരം ആറരയോടെ വീടിനടുത്തുള്ള തോട്ടിൽ മീൻ പിടിക്കാൻ ഇറങ്ങിയതായിരുന്നു ഇവർ. ഈ സമയം വൈദ്യുതി ലൈൻ പൊട്ടി തോട്ടിലേക്ക് വീഴുകയായിരുന്നു. തോടിനു സമീപത്തുനിന്ന തേക്കിന്റെ കമ്പൊടിഞ്ഞ് വൈദ്യുതി കമ്പിയിലേക്ക് വീണതിനെ തുടർന്ന് പോസ്റ്റ് ഉൾപ്പെടെ തോട്ടിലേക്ക് പതിക്കുകയായിരുന്നു എന്നാണ് പ്രാഥമിക വിവരം. ഉടൻ തന്നെ ഇരുവരെയും ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. പോലീസും ഫയർഫോഴ്സും സ്ഥലത്തെത്തി മേൽനടപടികൾ സ്വീകരിച്ചു. മൃതദേഹം പോസ്റ്റ്മോർട്ടത്തിനുശേഷം ബന്ധുക്കൾക്ക് വിട്ടു നൽകും.

## അമൃത്സറിൽ അകാലിദൾ നേതാവിനെ വെടിവച്ചു കൊന്നു

ന്യൂഡൽഹി: പഞ്ചാബിലെ അമൃത്സറിൽ അകാലിദൾ നേതാവിനെ വെടിവച്ചു കൊന്നു. കൗൺസിലറായ ഹർജീന്ദർ സിംഗ് ബഹ്മാൻ എന്നയാളാണ് കൊല്ലപ്പെട്ടത്.

ബൈക്കിൽ എത്തിയ നാലംഗ സംഘമാണ് വെടിയുതിർത്തത്. സംഭവത്തിൽ പോലീസ് അന്വേഷണം ആരംഭിച്ചു. മുമ്പ് ഇയാൾക്കുനേരെ ഭീഷണി ഉണ്ടായിരുന്നതായും അവർ തന്നെയാണ് അക്രമത്തിന് പിന്നിലെന്നും കുടുംബം പറഞ്ഞു.

അമൃത്സറിലെ ഛെഹാർത്തയിൽ ഒരു ചടങ്ങിൽ പങ്കെടുക്കാൻ എത്തിയതായിരുന്നു ഹർജീന്ദർ സിംഗ്. പുറത്തിറങ്ങിയ ഉടനെ ബൈക്കിലെത്തിയ മുഖംമൂടി ധരിച്ച സംഘം വെടിയുതിർക്കുകയായിരുന്നു. ആശുപത്രിയിൽ ചികിത്സയിലിരിക്കെയാണ് മരണം. സംഭവത്തിന്റെ സിസിടിവി ദൃശ്യങ്ങൾ ലഭിച്ചിട്ടുണ്ട്. പുലർച്ചെ ഒന്നോടെ, മുഖം മറച്ച രണ്ട് പുരുഷന്മാർ ഇടുങ്ങിയ തെരുവിലൂടെ നടന്ന് ഒരു വീടിനടുത്തേക്ക് വരുന്നത് ദൃശ്യങ്ങളിൽ കാണാം. തുടർന്ന് വെടിയുതിർക്കുന്നതും ദൃശ്യങ്ങളിലുണ്ട്.

## നിലമ്പൂരിലേത് അനാവശ്യ തെരഞ്ഞെടുപ്പെന്ന് രാജീവ് ചന്ദ്രശേഖർ

തിരുവനന്തപുരം: നിലമ്പൂരിലേത് അനാവശ്യ തെരഞ്ഞെടുപ്പെന്നും മത്സരിക്കുന്നകാര്യം ആലോചിച്ച് തീരുമാനിക്കുമെന്നും ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ. ആറ്, എട്ട് മാസത്തേക്ക് ഒരു ഉപതെരഞ്ഞെടുപ്പ് സൃഷ്ടിച്ചു. അനാവശ്യ ഇലക്ഷനായാണ് ഇതിനെ കാണുന്നത്.

എന്ത് ചെയ്യണമെന്ന് ഇന്ന് തീരുമാനിക്കും. എൻഡിഎ യോഗം ചേരും. ബിജെപിയിൽ സംഘടന പ്രശ്നങ്ങളില്ല. ബിജെപി ഒറ്റക്കെട്ടാണ്. സ്ഥാനാർഥിയുടെ കാര്യത്തിൽ എല്ലാ നേതാക്കളുടെയും അഭിപ്രായം തേടും.

നിലമ്പൂർ ബിജെപിക്ക് മുന്നേറ്റം ഉണ്ടാക്കാനാവാത്ത മണ്ഡലമാണ്. എൻഡിഎ എന്ന നിലയിൽ എന്ത് ചെയ്യാനവുമെന്ന് പരിശോധിക്കും. കോൺഗ്രസിനെ മടുത്താണ് ജനങ്ങൾ എൽഡിഎഫിന് അവസരം നൽകിയതെന്നും അദ്ദേഹം പറഞ്ഞു.

# ഐബി ഉദ്യോഗസ്ഥയുടെ മരണം; പ്രതി സുകാന്ത് സുരേഷ് കീഴടങ്ങി

കൊച്ചി: തിരുവനന്തപുരത്തെ ഐബി ഉദ്യോഗസ്ഥ ജീവനൊടുക്കിയ സംഭവത്തിൽ പ്രതിയായ സുകാന്ത് സുരേഷ് കീഴടങ്ങി. കൊച്ചി സെൻട്രൽ പോലീസ് സ്റ്റേഷനിലാണ് പ്രതി കീഴടങ്ങിയത്. ഇയാളുടെ മുൻകൂർ ജാമ്യാപേക്ഷ ഹൈക്കോടതി ഇന്ന് തള്ളിയിരുന്നു. ഇതിന് തൊട്ടുപിന്നാലെയാണ് കീഴടങ്ങൽ.

പ്രതിക്ക് ഇരയുടെ മേൽ വ്യക്തമായ സ്വാധീനമുണ്ടെന്ന് വ്യക്തമാക്കിയാണ് കോടതി ജാമ്യാപേക്ഷ തള്ളിയത്. മരിച്ച യുവതിയെ പ്രതി ശാരീരികവും മാനസികവും സാമ്പത്തികവുമായി ചൂഷണം ചെയ്തുവെന്നതിന് തെളിവുണ്ടെന്ന് കോടതി നിരീക്ഷിച്ചു. ഇവരുടെ ശമ്പളം 2024 ഒക്ടോബർ മുതൽ സുകാന്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻഫർ ചെയ്തിരുന്നു. യുവതിയെ ആത്മഹത്യയ്ക്ക് പ്രേരിപ്പിച്ചതിന് തെളിവായി വാട്സാപ്പ് ചാറ്റുകളുണ്ടെന്നും കോടതി വ്യക്തമാക്കിയിരുന്നു.

# അബ്ദുൽ റഹീമിന് ഒരു വർഷം കൂടി തടവുശിക്ഷ; അടുത്ത വർഷം മോചനം

റിയാദ്: സൗദി ബാലൻ കൊല്ലപ്പെട്ട കേസിൽ റിയാദിലെ ജയിലിൽ കഴിയുന്ന കോഴിക്കോട് സ്വദേശി അബ്ദുൽ റഹീമിന് ഒരു വർഷത്തിനുള്ളിൽ മോചനം ലഭിക്കും.വധശിക്ഷയ്ക്ക് വിധിച്ചിരുന്ന റഹീമിന്റെ ശിക്ഷ 20 വർഷം തടവായി കുറച്ചു.റിയാദ് ക്രിമിനൽ കോടതിയിൽ സൗദി സമയം ഇന്ന് രാവിലെ 9.30ന് നടന്ന സിറ്റിംഗിലാണ് നിർണായക വിധിയുണ്ടായത്. റഹീം ഇതിനോടകം ജയിലിൽ 19 വർഷം പൂർത്തിയാക്കിയിട്ടുണ്ട്. ഇനി ഒരു വർഷം കൂടി തടവ് ശിക്ഷ അനുഭവിച്ചാൽ മതിയാകും. 2026 ഡിസംബറിൽ റഹീമിന്റെ ശിക്ഷാ കാലാവധി പൂർത്തിയാകും. 2006 നവംബറിലാണ് സൗദി ബാലൻ അനസ് അൽ ഫായിസിന്റെ കൊലപാതക ക്കേസിൽ അബ്ദുൽ റഹീം അറസ്റ്റിലാകുന്നത്. 2012ലാണ് വധശിക്ഷ വിധിച്ചത്.സ്വകാര്യ അവകാശത്തിന്റെ അടിസ്ഥാനത്തിൽ വിധിച്ച വധശിക്ഷയാണ് 1.5 കോടി റിയാൽ (ഏകദേശം 34 കോടി ഇന്ത്യൻ രൂപ) ദയാധനം സ്വീകരിച്ച് വാദി ഭാഗം മാപ്പ് നൽകിയതോടെ ഒമ്പത് മാസം മുമ്പ് ഒഴിവായത്. എന്നാൽ പബ്ലിക് റൈറ്റ് പ്രകാരം തീർപ്പാവാത്തതാണ് ജയിൽ മോചനം വീണ്ടും നീളാൻ ഇടയാക്കിയിരുന്നത്.

## യുവതിയെ ആൺസുഹൃത്ത് കുത്തിക്കൊന്നു; മക്കൾക്ക് നേരെയും ആക്രമണം,

കൽപ്പറ്റ: മാനന്തവാടിയിൽ യുവതിയെ ആൺസുഹൃത്ത് കുത്തിക്കൊന്നു. അപ്പപ്പാറയിലെ വാകേരിയിലുണ്ടായ സംഭവത്തിൽ ഇടയൂർക്കുന്ന് സ്വദേശി പ്രവീണയാണ് കൊല്ലപ്പെട്ടത്. ആക്രമണത്തിൽ യുവതിയുടെ ഒരു കുട്ടിയുടെ ചെവിക്ക് പരിക്കേറ്റു. മറ്റൊരു കുട്ടിയെ കാണാനില്ല. ഈ കുട്ടിയെ കണ്ടെത്താൻ തെരച്ചിൽ തുടരുകയാണ്. കൊലപാതകത്തിനു ശേഷം പങ്കാളിയായ ഗിരീഷ് സംഭവസ്ഥലത്തുനിന്നു രക്ഷപ്പെട്ടു. ഇയാളെ കണ്ടെത്താൻ അന്വേഷണം ആരംഭിച്ചെന്ന് പോലീസ് പറഞ്ഞു. ഇവർ വാകേരിയിൽ വാടകയ്ക്ക് താമസിക്കുകയായിരുന്നു. ആക്രമണം കണ്ട് പേടിച്ച് കുട്ടി എവിടേക്കെങ്കിലും മാറിയതാകാം എന്ന നിഗമനത്തിലാണ് പോലീസ്.

ആദ്യ വിവാഹബന്ധം വേർപ്പെടുത്തിയ പ്രവീണ ഇതിനുശേഷം ഗിരീഷിനൊപ്പമാണ് താമസിച്ചിരുന്നത്. കൊലപാതകത്തിലേക്ക് നയിച്ച കാരണം എന്താണെന്ന് വ്യക്തമല്ലെന്ന് പോലീസ് പറഞ്ഞു. ആക്രമണത്തിൽ ഗുരുതരമായി പരിക്കേറ്റ 14 വയസുകാരി മാനന്തവാടിയിലെ സർക്കാർ ആശുപത്രിയിൽ ചികിത്സയിലാണ്.

## എട്ട് കണ്ടെയ്നറുകൾ കൊല്ലം തീരത്തടിഞ്ഞു; ജാഗ്രതാ നിർദേശം

കൊല്ലം: കടലിൽ മുങ്ങിയ ചരക്കുകപ്പൽ എംഎസ്സി എൽസ 3 യിൽ നിന്നുള്ള എട്ട് കണ്ടെയ്നറുകൾ കൊല്ലത്ത് വിവിധയിടങ്ങളിലായി തീരത്തടിഞ്ഞു. ചെറിയഴീക്കൽ, ശക്തികുളങ്ങര, പരിമണം ഭാഗങ്ങളിലാണ് കണ്ടെയ്നറുകൾ തീരത്തടിഞ്ഞത്. അഞ്ചോടെയാണ് നീണ്ടകര പരിമണം ഭാഗത്ത് മൂന്ന്സെറ്റ് കണ്ടെയ്നറുകൾ കണ്ടത്. തുറന്ന അവസ്ഥയിലായിരുന്നു ഇവ. ദുരന്ത നിവാരണ സേനയും പോലീസും സ്ഥലത്തുണ്ട്. കപ്പലിലെ കണ്ടെയ്നറുകൾ കൂടുതൽ ഇടങ്ങളിൽ അടിയാനുള്ള സാധ്യത കണക്കിലെടുത്ത് തീരപ്രദേശങ്ങളിൽ കനത്ത ജാഗ്രത നിർദേശം നൽകിയിട്ടുണ്ട്. തൃശൂർ, എറണാകുളം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നിവിടങ്ങളിൽ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. കപ്പലിലുണ്ടായിരുന്ന 643 കണ്ടെയ്നറുകളിൽ 73 എണ്ണവും കാലിയാണ്. 13 എണ്ണത്തിൽ കാൽസ്യം കാർബൈഡ് ഉൾപ്പെടെയുള്ള രാസവസ്തുക്കളുണ്ടെന്നാണ് കസ്റ്റംസ് വെളിപ്പെടുത്തൽ. ബാക്കി എന്തൊക്കെയാണുള്ളതെന്ന വിവരം പുറത്തുവന്നിട്ടില്ല. വലിയ സാമ്പത്തിക ചെലവ് ആവശ്യമായതിനാൽ കൃത്യമായി വിശകലനം നടത്തിയ ശേഷമായിരിക്കും കണ്ടെയ്നറുകൾ ഉയർത്തുന്നതിനുള്ള പ്രവർത്തനം നടത്തുക. കപ്പലിന്റെ ഇൻഷുറൻസ് കമ്പനിവരെ ഉൾപ്പെടുന്ന കാര്യങ്ങളാണിത്. നിലവിൽ അപകടം നടന്ന സ്ഥലത്ത് എണ്ണപ്പാട കാണുന്നുണ്ട്. നൂറോളം കണ്ടെയ്നറുകളാണ് വേർപെട്ട് ഒഴുകിനടക്കുന്നത്. ബാക്കിയുള്ളവ കപ്പലിനൊപ്പം മുങ്ങി. ഞായറാഴ്ച ഉച്ചക്ക് 1.25ഓടെയാണ് അപകടകരമായ ചരക്കുമായി കേരള തീരത്ത് ചരിഞ്ഞ ലൈബീരിയൻ കണ്ടെയ്നർ കപ്പൽ എംഎസ്സി എൽസ-3 പൂർണമായും കടലിൽ മുങ്ങിയത്. ഉടൻ, കപ്പലിലെ 24 ജീവനക്കാരെയും കോസ്റ്റ് ഗാർഡും നാവികസേനയും ചേർന്ന് രക്ഷപ്പെടുത്തി കൊച്ചിയിലെത്തിച്ചു.